അടിയന്തരപ്രമേയം

മദ്യനയം

മി. സ്പീക്കർ: സംസ്ഥാനത്തെ മദ്യനയം അട്ടിമറിച്ചുവെന്നും അതിനായി നടത്തിയ നിയമവിരുദ്ധമായ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ പുറത്തുവന്നിട്ടും കാര്യക്ഷമമായ അന്വേഷണം നടത്തിയിട്ടില്ലെന്നും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ബഹുമാനപ്പെട്ട സ്പീക്കർ, എക്സൈസ് വകുപ്പുമന്ത്രി സ്റ്റേക് ഹോൾഡേഴ്സുമായി നടത്തുന്ന ചർച്ചയോടുകൂടിയാണ് സംസ്ഥാനത്തെ മദ്യനയം ആവിഷ്കരിക്കുന്നത്. മദ്യനയം രൂപീകരിക്കുന്നതിന്റെ ഏറ്റവും പ്രാഥമികമായ ഘട്ടം എക്സൈസ് വകുപ്പുമന്ത്രി ബന്ധപ്പെട്ട എല്ലാ സ്റ്റേക് ഹോൾഡേഴ്സുമായി നടത്തുന്ന ചർച്ചയാണ്.

ഈ വർഷം നയം ആവിഷ്കരിച്ചിട്ടില്ലെന്നുമാത്രമല്ല, ആ പ്രാഥമിക ചർച്ചപോലും ഇതുവരെ നടത്തിയിട്ടില്ല. പ്രസ്തുത ചർച്ച ജൂൺ 12, 13 തീയതികളിലാണ് നടത്താനിരിക്കുന്നത്. മാത്രമല്ല, ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരട് നയം തയ്യാറാക്കി, നയപരമായ പ്രശ്നമാണെന്നതുകൊണ്ട് രാഷ്ട്രീയമായ ചർച്ചകൾകൂടി നടത്തിയതിനുശേഷം ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടിയാണ് മദ്യനയം നിലവിൽവരുന്നത്. അതിനാൽ ഏറ്റവും പ്രാഥമികമായ ഘട്ടംപോലും നടത്തിയിട്ടില്ല. നോട്ടീസിൽ ആരോപിക്കുന്നതുപോലെ രണ്ട് യോഗങ്ങളെക്കുറിച്ച് പറയുകയാണ്. ഒന്ന്, ചീഫ് സെക്രട്ടറി നടത്തിയ യോഗമാണ്. അത് മദ്യനയവുമായി ബന്ധപ്പെട്ട യോഗമല്ല, സംസ്ഥാനത്തിന്റെ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനും ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുള്ള സെക്രട്ടറിമാരുടെ യോഗമായിരുന്നു. ആ യോഗത്തിൽ അനേകം കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ടാകും. അത് മദ്യനയവുമായി ബന്ധപ്പെട്ട യോഗമല്ലെന്ന കാര്യം ചീഫ് സെക്രട്ടറിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മറ്റൊന്ന്, ടൂറിസം ഡയറക്ടർ സംഘടിപ്പിച്ച ഒരു യോഗത്തെക്കുറിച്ചാണ് പറയുന്നത്. അതും

പതിവായി നടക്കുന്ന ഇൻഡസ്ട്രി കണക്ട് യോഗങ്ങളുടെ ഭാഗമാണ്. മദ്യവ്യവസായവും ടൂറിസം വ്യവസായവും തമ്മിലുള്ള ബന്ധം കേരളത്തിലെ എല്ലാ സർക്കാരുകളും ഇതിനുമുമ്പ് കണക്കിലെടുത്തിട്ടുള്ളതാണ്. പതിവായി നടക്കുന്ന ഒരു യോഗം; ഡയറക്ടർ തലത്തിൽമാത്രം നടന്ന യോഗത്തെ സംബന്ധിച്ച് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. അത് ടൂറിസം വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരമല്ലെന്ന കാര്യവും ഡയറക്ടറും ബഹുമാനപ്പെട്ട മന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ പ്രാഥമിക നടപടിപോലും സ്വീകരിക്കാത്ത മദ്യനയത്തെ സംബന്ധിച്ച് കഴിഞ്ഞ ഒരുമാസമായി നിരന്തരമായ വാർത്തകൾ വന്നുകൊണ്ടിരുന്നു. ആ വാർത്തകളുടെകൂടി പശ്ചാത്തലത്തിലാണ് ഒരു വാട്ട്സാപ്പ് വോയിസ് ക്ലിപ് ശ്രദ്ധയിൽപ്പെടുന്നത്. ഒരാൾ മദ്യനയത്തിന്റെ പേരിൽ ആർക്ക് എന്നില്ലാതെ പണം ആവശ്യപ്പെടുന്ന വാട്ട്സാപ്പ് വോയിസ് ക്ലിപ്പാണ് വന്നത്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ സർക്കാർ ശക്തമായ നടപടിയെടുത്തു. അതുസംബന്ധിച്ച് എന്റെ ഓഫീസ് തന്നെ ഡി.ജി.പി.-ക്ക് പരാതി നൽകി, അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ അന്വേഷണം നടക്കുന്നില്ലെന്ന

നോട്ടീസിലെ പരാമർശവും അടിസ്ഥാനരഹിതമാണ്. അതുകൊണ്ട് ഇല്ലാത്ത ഒരു മദ്യനയത്തിന്റെ പേരിൽ, പ്രാഥമിക നടപടികൾപോലും സർക്കാർ ആരംഭിച്ചിട്ടില്ലാത്ത ഒരു കാര്യത്തിന്റെ മുകളിൽ ഇവിടെ അവതരണാനുമതി തേടിയിട്ടുള്ള അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഈ സർക്കാരിന്റെ അഴിമതിക്കും ദുർഭരണത്തിനുമെതിരായി പ്രതിപക്ഷം നടത്തുന്ന പോരാട്ടങ്ങൾക്ക് കരുത്തുപകരുന്ന ഒരു ജനവിധിയാണ് ഈ തെരഞ്ഞെടുപ്പിലുണ്ടായിരിക്കുന്നത്. ആ ജനവിധി ഉൾക്കൊണ്ടുകൊണ്ട് ഈ സർക്കാരിന്റെ അഴിമതികൾ ഒന്നൊന്നായി നിയമസഭയ്ക്കകത്തും പുറത്തും തുറന്നുകാട്ടുവാൻ ഈ പ്രതിപക്ഷമുണ്ടാകുമെന്ന് ഞാൻ ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. 2015 മാർച്ച് 10-ാം തീയതി ബഹുമാന്യനായ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ നിയമസഭയിൽ നടത്തിയ പ്രസംഗത്തിലെ ഏതാനും വാചകങ്ങൾ ഞാനിവിടെ ഉദ്ധരിക്കുകയാണ്. "ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി. സി. ജോർജ്ജുമൊക്കെ

വിശുദ്ധഗ്രന്ഥം നന്നായി വായിച്ച് പഠിച്ചിട്ടുള്ളവരല്ലേ; അതിൽ മത്തായിയുടെ സുവിശേഷത്തിൽനിന്നും ഒരു വാചകം ഉദ്ധരിക്കാം. ഒരു മനുഷ്യൻ ഈ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനമാണെന്നാണ് പറയുന്നത്; അതിനുശേഷം അദ്ദേഹം പറയുകയാണ്, വചനം സത്യമായി അനുഭവപ്പെടുന്ന ഒരു കാലംവരും മിസ്റ്റർ മാണി, കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ മാണി വീണുപോകുന്നത് എനിക്ക് ഓർക്കാൻപോലും കഴിയുന്നില്ല. കെടാത്ത തീയും ചാകാത്ത പുഴുവും." ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരായ ശ്രീ. എം. ബി. രാജേഷിനോടും ശ്രീ. പി. എ. മുഹമ്മദ് റിയാസിനോടും ഞങ്ങൾക്ക് പറയാനുള്ളത് ഇതുതന്നെയാണ്. കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ നിങ്ങൾ വീണുപോകരുതെന്നുള്ളതാണ്. അടുത്തദിവസങ്ങളിൽ പുറത്തുവന്നിട്ടുള്ള ഒരു ശബ്ദസന്ദേശം എങ്ങനെയാണ് വന്നത്? സമാനമായ രീതിയിൽവന്ന ചില ശബ്ദരേഖകളുടെയൊക്കെ അടിസ്ഥാനത്തിലാണ് കെ. എം. മാണിക്കെതിരെ അന്ന് ബാർക്കോഴ ആരോപണം ഇപ്പോഴത്തെ ഭരണപക്ഷം ഉന്നയിച്ചതും കേരളത്തിൽ മുമ്പെങ്ങും കണ്ടിട്ടില്ലാത്തവിധത്തിലുള്ള

എല്ലാ കോലാഹലങ്ങൾക്കും സാക്ഷ്യം വഹിക്കുകയുമൊക്കെ ചെയ്തത്. അന്ന് നിയമസഭപോലും തല്ലിത്തകർത്ത, ബഹുമാനപ്പെട്ട ചെയറിന്റെ കമ്പ്യൂട്ടറുൾപ്പെടെ തല്ലിത്തകർത്ത, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ നാണക്കേടുണ്ടാക്കിയ സംഭവവികാസങ്ങൾക്ക് നിയമസഭ സാക്ഷ്യം വഹിച്ചത് ഇതുപോലൊരു ബാർക്കോഴ അഴിമതി ആരോപണത്തിന്റെ പേരിലായിരുന്നു. അന്ന് (മാർച്ച് 12-ാം തീയതി) ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ നടത്തിയ മറ്റൊരു പ്രസ്ഥാവന കൂടിയുണ്ടായിരുന്നു. "കോഴ വാങ്ങിയ മാണി, കോഴപ്പണമെണ്ണാൻ സ്വന്തമായി യന്ത്രം വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മാണി, ബഡ്ജറ്റ് വിറ്റ് കാശാക്കുന്ന മാണി, ഇത്രയും കൊള്ളരുതായ്മകൾകൊണ്ട് മുഖം വികൃതമാക്കിയ മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഞങ്ങൾ സമ്മതിക്കില്ല" എന്നാണ് പറഞ്ഞത്. ഇത്തരുണത്തിൽ, അദ്ധ്യാത്മ രാമായണത്തിലെ വളരെ പ്രസക്തമായ നാലുവരികൾ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്.

"നിത്യവും ചെയ്യുന്ന കർമ്മ ഗുണഫലം

കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ

താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താന്താനനുഭവിച്ചീടുകന്നേ വരൂ"

എന്താണിപ്പോൾ ഏറ്റവും പുതുതായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ? ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. ബാർ ഉടമകൾക്കനുകൂലമായി മദ്യനയം രൂപീകരിക്കുന്നതിന് കോഴ നൽകാനായി ബാറുടമകൾ രണ്ടര ലക്ഷം രൂപാവീതം നൽകണമെന്നാവശ്യപ്പെട്ടിട്ടുള്ള സംഘടനാനേതാവിന്റെ വളരെ കൃത്യമായ ശബ്ദസന്ദേശമാണ് പുറത്തുവന്നിരിക്കുന്നത്. 2024 മേയ് 23-ന് ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷന്റെ സംസ്ഥാന നേതാവും ഇടുക്കി ജില്ലാ പ്രസിഡന്റുമായിട്ടുള്ള ഒരു വ്യക്തിയുടെ ശബ്ദസന്ദേശമാണത്. എന്താണ് അതിൽ പറഞ്ഞിരിക്കുന്നത്? "മേയ് 23-ന് എറണാകുളം റിനൈസൻസ് ഹോട്ടലിൽവച്ച് യോഗം നടക്കുകയാണ്. ആ സ്ഥലത്തുനിന്നും യോഗം കഴിഞ്ഞതിനുശേഷമാണ് ഞാൻ ഈ സന്ദേശം അയയ്ക്കുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ പുതിയ മദ്യനയം വരുന്നതാണ്. അതിനകത്ത് ഒന്നാം തീയതി ഡ്രൈഡേ എടുത്തുകളയുന്നതടക്കമുള്ള കാര്യങ്ങളുണ്ടാകുമെന്ന് പറയുന്നത് ഒരു ബാർ മുതലാളിയാണ്. ഇതൊക്കെ

ചെയ്തുതരണമെങ്കിൽ നമ്മൾ കൊടുക്കേണ്ടുന്ന കാര്യങ്ങൾ കൊടുക്കണം. ഇടുക്കി ജില്ലയിൽനിന്ന് ഒരു ഹോട്ടൽ മാത്രമാണ് രണ്ടര ലക്ഷം നൽകിയത്. വലിയൊരു ഗ്രൂപ്പ് നാലുലക്ഷം രൂപ കൊടുത്തിട്ടുണ്ട്. അതിന്റെ കണക്ക് പ്രസിഡന്റ് ഇവിടെവച്ചുതന്നെ പറഞ്ഞു. വളരെ വിശദമായിട്ടാണ് കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. ഇതുവരെ വൺതേർഡാണ് ടോട്ടൽ കളക്ഷനായി സ്റ്റേറ്റിൽനിന്നും കിട്ടിയത്. വൺതേഡ് ഇതിനകം പിരിച്ചെടുത്തു. പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല. രണ്ടരലക്ഷം രൂപവച്ച് കൊടുക്കാൻ സാധിക്കുന്നവർ നൽകുക. പണ്ടത്തെ അവസ്ഥവന്നാൽ ഇനി നമ്മളെല്ലാവരും അതിനെക്കുറിച്ച് ചിന്തിക്കണം." അവിടംകൊണ്ട് അവസാനിച്ചിട്ടില്ല. അതിലെ ഏറ്റവും പ്രസക്തമായ ഭാഗം ഇതാണ്. " ഇലക്ഷൻ കഴിഞ്ഞ് ഒരു പാർട്ടിയും പണം സാധാരണനിലയിൽ വാങ്ങുന്നതല്ല. എന്നിട്ടും അതിനുള്ള ഓപ്ഷൻ നമ്മളുണ്ടാക്കിയിട്ടുണ്ട്." അതെന്താണ്? ഇലക്ഷൻ കഴിഞ്ഞ് സാധാരണ പണം വാങ്ങുന്നതല്ല, എന്നിട്ടും അത് കൊടുക്കാനുള്ള സംവിധാനം/ഓപ്ഷൻ നമ്മൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സംഘടനയുടെ ഉത്തരവാദിത്തപ്പെട്ട ഒരു ഭാരവാഹി വളരെ വിശദമായി അദ്ദേഹത്തിന്റെ

ശബ്ദസന്ദേശം മറ്റംഗങ്ങളുള്ള ഗ്രൂപ്പുകളിലേയ്ക്ക് പോകുകയാണ്. ഇവിടെപ്പറയുന്ന ഓപ്ഷൻ ആരുണ്ടാക്കി; എന്താണ് ആ ഓപ്ഷൻ; ആ ഓപ്ഷൻ എന്താണെന്നറിയാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമില്ലേ; അതിന്റെ പുറത്തുള്ള കറുത്ത കരങ്ങൾ ആരുടേതാണെന്ന് അറിയാനുള്ള അവകാശം ഈ നാട്ടിലെ ജനങ്ങൾക്കില്ലേ? ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ്, ഒരു പരാതി ക്രൈംബ്രാഞ്ചിന് കൊടുത്തു. ഡി.ജി.പി.-ക്ക് കൊടുത്ത ആ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് പ്രാഥമികാന്വേഷണം പൂർത്തീകരിക്കാൻ പോകുകയാണെന്നാണ് അറിയാൻ സാധിച്ചത്. പരാതി കൊടുത്തതിനുശേഷം അതിന്മേൽ എന്താണ് അന്വേഷിക്കുന്നത്? ഈ ശബ്ദ സന്ദേശം എങ്ങനെ പുറത്തുവന്നു എന്നതിനെ സംബന്ധിച്ച അന്വേഷണമാണ് നടക്കുന്നത്. ഇവിടെ കോഴ നൽകാനായി പിരിച്ചെടുത്ത പണം ബാർ ഉടമകളുടെ അസോസിയേഷന്റെ രജിസ്റ്ററിലുണ്ടോയെന്ന് ആ രജിസ്റ്റർ കസ്റ്റഡിയിലെടുത്ത് പരിശോധിച്ചിട്ടുണ്ടോ; അതിന്റെയടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആരെയെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോ; അല്ലെങ്കിൽ അവരുടെ ആരുടെയെങ്കിലും ബാങ്ക്

അക്കൗണ്ട് പരിശോധിച്ചിട്ടുണ്ടോ? എല്ലാ തെളിവുകളും ഇവിടെയുണ്ട്. അതായത് മൂന്നിലൊന്ന് പണപ്പിരിവ് നടന്നുവെന്ന് ഒരാൾ കൃത്യമായി പറയുന്നു. പല ആളുകളോടും സംസാരിക്കുമ്പോൾ ഈ പിരിവ് നടത്താനുപയോഗിച്ച മാർഗ്ഗങ്ങളും അതിനുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുമൊക്കെ നാട്ടിൽ പാട്ടാണ്. ഇതൊക്കെ നടന്നുവെന്നിരിക്കെ എന്തുകൊണ്ട് അഴിമതി നിരോധന നിയമപ്രകാരം ഒരു എഫ്.ഐ.ആർ. ഇട്ട് കേസെടുക്കാൻ ഈ സർക്കാർ തയ്യാറാകുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ ചോദ്യം. അഴിമതി നടന്നിട്ടില്ലെന്നാണ് സർക്കാർ പറയുന്നത്. അതെങ്ങനെ പറയാൻ സാധിക്കും? ഒരു അഴിമതിയുടെ സുപ്രധാനഘടകമെന്ന് പറയുന്നത് quid pro quo ആണ്. അതായത് ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഒരു ബാറിൽനിന്നും രണ്ടരലക്ഷം രൂപവീതം പിരിച്ചെടുക്കണമെന്ന് വളരെ കൃത്യമായി പറയുന്നു, മൂന്നിലൊന്ന് തുക ലഭിച്ചുവെന്ന് പറയുന്നു, ഇത് കൊടുക്കേണ്ടവർക്ക് കൊടുക്കണമെന്ന് പറയുന്നു. ആർക്ക് കൊടുക്കണമെന്നുപോലും പറയാത്ത ഒരു സന്ദേശത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യം ഇവിടെ പറഞ്ഞു. ആർക്ക് കൊടുക്കണമെന്നാണ് പറഞ്ഞതെന്ന്

മനസ്സിലാകാത്തത് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് മാത്രമാണ്. ഇത് ഞങ്ങൾക്കാർക്കെങ്കിലും തരാൻ വേണ്ടിയാണോ? ഇത് ആർക്ക് കൊടുക്കാൻവേണ്ടിയാണ് ഈ പിരിവ് നടത്തിയതെന്നുള്ള കാര്യം വളരെ വ്യക്തമാണ്. ഇവിടെ അഴിമതി നിരോധന നിയമമുണ്ട്. ആ നിയമത്തിന്റെ സെക്ഷൻ 12 അനുസരിച്ച്, അതായത് അഴിമതിക്കുവേണ്ടിയിട്ടുള്ള abetment-ഉം ശിക്ഷയർഹിക്കുന്ന ഒരു കുറ്റമാണ്. അതിലെന്താണ് പറയുന്നത്?

" Whoever abets any offence punishable under this Act, whether or not that offence is committed in consequence of that abetment, shall be punishable with imprisonment for a term which shall be not less than three years, but which may extend to seven years and shall also be liable to fine." എന്നുപറഞ്ഞാൽ, ഒരു അഴിമതിക്ക് പ്രേരകമായി ആരെങ്കിലും എന്തെങ്കിലും ചെയ്താൽ ആ അഴിമതി നടന്നോ ഇല്ലയോ? അതിന് പ്രേരകമായിട്ടുള്ള ഇടപെടൽപോലും കുറ്റകരമാണെന്ന് അഴിമതി നിരോധന നിയമപ്രകാരം വളരെ വ്യക്തമായി പറയുമ്പോൾ, ഈ അഴിമതിയെക്കുറിച്ച് ഒരന്വേഷണം നടത്താൻ ഈ സർക്കാർ തയ്യാറാകാതെ ഈ ശബ്ദസന്ദേശം

എങ്ങനെ പുറത്തുപോയി; ഈ ശബ്ദസന്ദേശം എങ്ങനെ സർക്കാരിന് മാനക്കേടുണ്ടാക്കി? അതിനകത്ത് ഗൂഢാലോചനയുണ്ടോയെന്നുള്ള കാര്യം മാത്രമാണ് ഈ സർക്കാർ അന്വേഷിക്കുന്നതെന്ന് പറയുമ്പോൾ, ഇതിന്റെ അഴിമതിയിലേയ്ക്ക് ഈ അന്വേഷണം കൺതുറക്കില്ല, ഈ അന്വേഷണം എങ്ങുമെത്തുകയില്ലെന്നുള്ള കാര്യം വളരെ സുവ്യക്തമായിരിക്കുകയാണ്. ഇവിടെ ഒരു കാര്യംകൂടി പറഞ്ഞു. ഇതൊക്കെ പുറത്തുവന്നതിനുശേഷം ആസ്ഥാനമന്ദിരം നിർമ്മിക്കാൻ വേണ്ടിയാണ് പണപ്പിരിവ് നടത്തിയതെന്നൊക്കെ സംഘടനയുടെ ആളുകൾ പറഞ്ഞു. ഇതിന്റെ വളരെ വ്യക്തമായ പലരേഖകളും പുറത്തുവന്നിട്ടുണ്ട്. സംഘടനയുടെ ആസ്ഥാനമന്ദിരം നിർമ്മിക്കാൻവേണ്ടി ഒരുലക്ഷം രൂപവീതമുള്ള പിരിവൊക്കെ ജനുവരി മാസത്തിൽ നടന്നതാണ്. അതൊക്കെ പലതവണ ഇവിടെ ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. സംഘടനയുമായി ബന്ധപ്പെട്ട അവരുടെ മീറ്റിംഗിന്റെ മിനിട്ട്സും കാര്യങ്ങളുമൊക്കെ പുറത്തുവന്നിട്ടുള്ളതാണ്. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട കാര്യമെന്താണ്? വിഷയങ്ങൾ പുറത്തുവന്നപ്പോൾ സംഘടന വിഷയം മാറ്റി. അതെന്താണ്? ഓഫീസിന്റെ കാര്യം പറഞ്ഞു. ജനുവരി മാസത്തിൽ അതുമായി

ബന്ധപ്പെട്ട് ഒരു ലക്ഷം രൂപവീതം പിരിച്ചതൊക്കെ ഞാനിവിടെ സൂചിപ്പിച്ചതാണ്. ഇപ്പോൾ രണ്ടരലക്ഷം രൂപവീതം പിരിക്കുന്നത് ആർക്കുവേണ്ടിയാണെന്നുള്ളത് വളരെ വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് യാതൊരു ആലോചനയും പ്രാഥമികമായി യാതൊരു ചർച്ചയും നടന്നിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഇവിടെ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനുവരി മാസത്തിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി യോഗം വിളിച്ച് ചേർത്തിട്ടുണ്ട്. അതിനുശേഷം മാർച്ച് മാസത്തിൽ അദ്ദേഹം വീണ്ടും യോഗം വിളിച്ച് ചേർത്തിട്ടുണ്ട്. ഈ യോഗം വിളിച്ചതിനുശേഷം ടൂറിസം ഡയറക്ടർ മേയ് മാസം 21-ന് വീണ്ടും യോഗം വിളിച്ചുചേർക്കുകയാണ്. അതിന്റെ സീക്വൻസ് നമ്മൾ പരിശോധിക്കണം. സ്റ്റേക്ക് ഹോൾഡേഴ്സുമായി ബന്ധപ്പെട്ട് യാതൊരു ആലോചനയും നടന്നിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പക്ഷേ, കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറി വിശദീകരണം നല്കിയ പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത്, ഡ്രൈ ഡെ ഒഴിവാക്കണമെന്ന ആവശ്യം വ്യവസായം, ടൂറിസം മേഖലകളിലെ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ

ഭാഗത്തുനിന്ന് വളരെ മുമ്പുതന്നെ ഉയർന്നുവന്നിട്ടുള്ള കാര്യമാണ്; എക്സൈസ് വകുപ്പിലും സ്റ്റേക്ക് ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്നും സമാനമായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്; എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ജനുവരി 4-ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി മദ്യവ്യവസായവുമായി ബന്ധപ്പെട്ട് സ്റ്റേക്ക് ഹോൾഡേഴ്സ് ഉന്നയിച്ച വിഷയങ്ങളും ഡ്രൈ ഡേ ഒഴിവാക്കുന്ന കാര്യവും ഉയർന്നുവന്നിരുന്നു എന്നാണ്. അങ്ങ് ഇവിടെ പറയുന്നത് സ്റ്റേക്ക് ഹോൾഡേഴ്സുമായി ബന്ധപ്പെട്ട് യാതൊരു കാര്യവും നടന്നിട്ടില്ലെന്നാണ്.

മി. സ്പീക്കർ: യെസ്... യെസ്... ശ്രീ. റോജി എം. ജോൺ സമയം എക്സീഡ് ചെയ്യുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ചുരുക്കാം. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ജനുവരി മാസത്തിൽ യോഗം വിളിച്ചുചേർക്കുന്നു. അതിനുശേഷം രണ്ടാമത്തെ യോഗം ചേരുന്നത് മാർച്ച് മാസത്തിലാണ്. ഇത് ചീഫ് സെക്രട്ടറിതന്നെ സ്ഥിതീകരിച്ചിട്ടുള്ളതാണ്. ചീഫ് സെക്രട്ടറി മാർച്ച് മാസത്തിൽ യോഗം വിളിച്ചതിനുശേഷം ടൂറിസം ഡയറക്ടർ

മേയ് 21-ാം തീയതി സൂം മീറ്റിംഗ് കൂടുകയാണ്. എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാനത്തിന്റെ ടൂറിസം വകുപ്പിന് എന്താണ് കാര്യമെന്നറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ടൂറിസം വകുപ്പിന് എന്തിനാണ് ഇക്കാര്യത്തിൽ അമിതമായ താല്പര്യം; എന്തിനാണ് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന്റെ കാര്യത്തിലേയ്ക്ക് കൈ കടത്തുന്നത്? ഇതെല്ലാം സാധാരണയായി നടക്കുന്ന യോഗമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ടൂറിസം വകുപ്പ് വിളിച്ച് ചേർത്ത യോഗത്തിന്റെ സബ്ജക്ട്/അജണ്ട എന്താണ്; ‘ the subject is the excise policy renewal and suggestions to Kerala Tourism.’ സംസ്ഥാനത്തിന്റെ എക്സൈസ് പോളിസിയെ സംബന്ധിച്ച് ഇവിടെ യോഗം വിളിച്ചുചേർക്കുന്നത് ടൂറിസം ഡയറക്ടറാണ്. എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നത് ശ്രീ. എം. ബി. രാജേഷ് ആണോ അതോ ശ്രീ. പി. എ. മുഹമ്മദ് റിയാസ് അണോയെന്ന് കേരളത്തിലെ ആളുകൾക്ക് സംശയമുണ്ട്. വകുപ്പ് ആരുടെ കയ്യിലാണെന്ന് ഈ രണ്ട് മന്ത്രിമാരോ അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വ്യക്തമാക്കിയാൽ നന്നായിരിക്കും. ഇവിടെ കാര്യങ്ങൾ വ്യക്തമാണ്. ജനുവരി മാസത്തിൽ ചീഫ് സെക്രട്ടറി യോഗം വിളിക്കുന്നു, മാർച്ച്

മാസത്തിൽ വീണ്ടും യോഗം കൂടുന്നു. അതിനുശേഷം മേയ് 21-ാം തീയതി ടൂറിസം ഡയറക്ടർ യോഗം വിളിക്കുന്നു. 21-ാം തീയതിയിലെ യോഗത്തിനുശേഷം 23-ാം തീയതി ബാർ ഓണേഴ്സ് അസോസിയേഷന്റെ യോഗം ചേരുന്നു. ആ യോഗത്തിന്റെയും അജണ്ട ഇതുതന്നെയാണ്; എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടും ഡ്രൈ ഡേ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒഴിവാക്കുന്നതും സംബന്ധിച്ചാണ്. ആ യോഗത്തിനുശേഷമാണ് അതേ ഹോട്ടലിൽ വച്ചുതന്നെ പ്രസ്തുത ശബ്ദരേഖ പുറത്തുവിട്ടയാൾ കാര്യങ്ങൾ വിശദമായി പറയുന്നത്. ഇത്തരം കാര്യങ്ങളൊക്കെ നമ്മൾ സംസാരിച്ചിട്ടുണ്ട്, ഇക്കാര്യങ്ങളെല്ലാം നടന്നിട്ടുണ്ട്, ഇവിടെ ഇത്രയേറെ യോഗങ്ങളെല്ലാം കഴിഞ്ഞു, സ്റ്റേക്ക് ഹോൾഡേഴ്സിനെയെല്ലാം വിളിച്ചുചേർത്തു, കാര്യങ്ങൾ നടക്കണമെങ്കിൽ കൊടുക്കേണ്ടവർക്ക് കൊടുക്കേണ്ടതെല്ലാം കൊടുക്കണം, അത് എല്ലാവരും തരണം എന്നൊക്കെ പറഞ്ഞിരിക്കുന്നത് സുപ്രധാനമായിട്ടുള്ള ഒരാളാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടക്കേണ്ടേ? ബഹുമാനപ്പെട്ട മന്ത്രിയുടെ അന്നത്തെ ഫേസ് ബുക്ക് പോസ്റ്റുണ്ടായിരുന്നു; അതിൽ പറഞ്ഞിരിക്കുന്നത്,

"ജനിക്കാത്ത മദ്യനയത്തിന്റെ ജാതകം ചമയ്ക്കുന്നവരോട്" എന്നാണ്. ഒരുകാര്യം മനസ്സിലാക്കണം. അങ്ങയുടെ വകുപ്പിൽ മദ്യ നയത്തിന്റെ കുഞ്ഞ് ജനിച്ചു, അതിന്റെ അച്ഛൻ ആരാണെന്ന് അന്വേഷിച്ചാൽ മതി. വേറെ ആളുകളാണ് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ ശ്രദ്ധിക്കണ്ടേ അമ്പാനേ.

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്...സമയം എക്സീഡ് ചെയ്തു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുകാര്യം ശ്രദ്ധിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എണ്ണൂറോളം ബാറുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 130 ഓളം ബാറുകൾക്ക് ലൈസൻസ് കൊടുത്തിരിക്കുകയാണ്. എന്നുവച്ചാൽ കേരളത്തിൽ മദ്യം ഒഴുക്കുന്നതിനുള്ള നടപടിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയ്തിരിക്കുന്നത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ പഴയ ഫേസ് ബുക്ക് പോസ്റ്റ് എന്റെ കൈവശമുണ്ട്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്ന കാലത്ത് അദ്ദേഹം മദ്യനയവുമായി ബന്ധപ്പെട്ട് ചോദിച്ച കാര്യങ്ങളെല്ലാം എന്റെ

കൈവശമുണ്ട്. അതിനെക്കുറിച്ച് കൂടുതലായി വിശദീകരിച്ച് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബാർ കോഴയുമായി ബന്ധപ്പെട്ടുകൊണ്ട് സി.പി.ഐ.-യുടെ നേതാവും എൽ.ഡി.എഫ്.-ന്റെ ഇടുക്കി ജില്ലാ കൺവീനറുമായ ശ്രീ. കെ. കെ. ശിവരാമന്റെ ഒരു ഫേസ് ബുക്ക് പോസ്റ്റുണ്ട്. അതിന്റെ തലക്കെട്ട് 'വീണ്ടും ഒരു ബാർ കോഴയോ?' ' എന്നാണ്. എന്നിട്ട് അതിൽ അദ്ദേഹം ചോദിക്കുന്നത് ഞാൻ വായിക്കാം. "ഇന്ന് രാവിലെ മുതൽ കേരളത്തിലെ ദൃശ്യമാധ്യമങ്ങൾ പുറത്തുവിടുന്ന ഒരു വാർത്ത അത്യന്തം ഗൗരവം ഉള്ളതാണ്. നിലവിലുള്ള മദ്യ നയത്തിൽ ഇളവ് വരുത്തുന്നതിന് ബാറുടമകൾ രണ്ടര ലക്ഷം രൂപ വീതം ഉടനടി നല്കണമെന്നാണ് ബാർ ഉടമ സംഘത്തിന്റെ സംസ്ഥാന....' '

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്...

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഇതുകൂടി വായിച്ച് അവസാനിപ്പിക്കാം. "......നമുക്കായി ഇളവുകൾ നല്കുമ്പോൾ കൊടുക്കേണ്ടത് കൊടുക്കണമെന്നാണ് ഇതിൽ പറയുന്നത് എന്നുപറഞ്ഞാൽ സർക്കാരിന്റെ മദ്യനയത്തിൽ നമുക്ക് അനുകൂലമായ മാറ്റം വരണമെങ്കിൽ കൊടുക്കേണ്ടത് കൊടുക്കണം! ആർക്ക്?..." ആരാണ് ഈ ചോദ്യം ചോദിച്ചിരിക്കുന്നത്.

ആർക്കാണ് കൊടുക്കേണ്ടതെന്ന ചോദ്യം ചോദിച്ചിരിക്കുന്നത് എൽ.ഡി.എഫ്. ജില്ലാ കൺവീനർ ശ്രീ. കെ. കെ. ശിവരാമനാണ്. നമ്മൾ ഒരു സംശയം ചോദിക്കുകയാണ്; എൽ.ഡി.എഫ്. കൺവീനർ ചോദിക്കുന്നു, കൊടുക്കേണ്ടത് കൊടുക്കണം, ആർക്ക് കൊടുക്കണമെന്നാണ്. ഞങ്ങൾക്കൊരു സംശയം, ഇപ്പോൾ നോട്ടെണ്ണുന്ന മെഷീനിരിക്കുന്നത് എ.കെ.ജി. സെന്ററിലാണോ അതോ ക്ലിഫ് ഹൗസിലാണോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയാൽ നന്നായിരിക്കും. ഈ വെളിപ്പെടുത്തലുകളെക്കുറിച്ച് അടിയന്തരമായ അന്വേഷണം വേണമെന്ന് എൽ.ഡി.എഫ്. കൺവീനർ തന്നെ പറയുകയാണ്. അതുതന്നെയാണ് ഞങ്ങളുടെയും ആവശ്യം. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണവും വിജിലൻസിന്റെ പരിശോധനയും കൃത്യമായ ജുഡീഷ്യൽ അന്വേഷണവും നടക്കണം. ഇതിന്റെ അഴിമതിയുടെ ചുരുളുകൾ നമുക്ക് പുറത്തുകൊണ്ടുവരണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പ്രമേയാവതാരകൻ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ഏറെക്കുറെ എല്ലാം

അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണ്. ഞാൻ ഒരോന്നും എണ്ണിയെണ്ണി വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാം. അത് കേൾക്കാനുള്ള ക്ഷമയും സഹിഷ്ണതയും നിങ്ങൾ കാണിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മദ്യനയത്തിന്റെ പ്രാഥമികമായ കാര്യങ്ങൾപോലും ആലോചിച്ചിട്ടില്ലെന്ന് ഞാനിവിടെ ആരംഭത്തിൽ വ്യക്തമാക്കിയിരുന്നു. മദ്യനയം ആവിഷ്ക്കരിക്കുന്നത് എക്സൈസ് വകുപ്പാണ്, എക്സൈസ് വകുപ്പുമന്ത്രി സ്റ്റേക്ക് ഹോൾഡേഴ്സുമായി നടത്തുന്ന ചർച്ചയിലൂടെയാണ്. അതിന്റെ തീയതിപോലും ആലോചിച്ചിട്ടില്ലാത്ത കാലത്താണ് ഇത്തരം വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. ആ വാർത്തകളെത്തുടർന്നാണ് ഇത്തരമൊരു വോയിസ് ക്ലിപ്പും വന്നിട്ടുള്ളത്. ഈയടുത്ത ദിവസമാണ് അതിനുള്ള തീയതി നിശ്ചയിച്ചത്. ജൂൺ 12, 13 തീയതികളിൽ പുതിയ മദ്യനയം ആവിഷ്ക്കരിക്കുന്നതിന്റെ ആദ്യത്തെ ചുവടുവയ്പ് എന്ന നിലയിൽ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ചർച്ച നടക്കാനിരിക്കുന്നതേയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ജനിക്കാത്ത കുഞ്ഞിന്റെ ജാതകം ചമയ്ക്കുകയാണ് എന്ന്. ഞാൻ അക്കാര്യങ്ങൾ നേരത്തെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ടൂറിസം ഡയറക്ടർ, ചീഫ് സെക്രട്ടറി എന്നിവരുടെ

യോഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ചീഫ് സെക്രട്ടറിയുടെ പത്രക്കുറിപ്പ് ഇവിടെ വായിക്കുകയുണ്ടായി. എന്താണ് അതിൽ പറയുന്നത്? സ്റ്റേക്ക് ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്ന് ഈ ആവശ്യം ഉയർന്നുവന്നിട്ടുണ്ടെന്നാണ്. അതിപ്പോൾ വന്നതാണോ; എത്രയോ കാലമായി ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നതല്ലേ? ഇവിടെ പ്രധാനമായും ഉന്നയിച്ച ആരോപണം ടൂറിസം വകുപ്പ് മദ്യനയത്തിൽ ഇടപെട്ടുവെന്നാണ്. ഞാൻ അതിന്റെ അധിക്ഷേപം, പരിഹാസം തുടങ്ങിയ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല, വസ്തുതകളിലേക്ക് മാത്രം വരാം. ടൂറിസം വകുപ്പ് ഇടപെട്ടുവെന്നാണല്ലോ ആക്ഷേപം. ടൂറിസം ഇൻഡസ്ട്രിയും മദ്യ വ്യവസായവും തമ്മിൽ ഏത് കാലത്താണ് ബന്ധമില്ലാത്തത്? എല്ലാ സർക്കാരുകളും ആ ബന്ധം കണക്കിലെടുത്തുകൊണ്ടല്ലേ നയം ആവിഷ്കരിച്ചിട്ടുള്ളത്. 2015 മാർച്ച് 17-ന് നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 152-ന് അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടിയാണ് ഞാൻ ഉദ്ധരിക്കുന്നത്. അദ്ദേഹം ഇപ്പോഴും സഭയിലുള്ള ആളാണ്. "സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും വിനോദസഞ്ചാര മേഖലയിലും ഹോട്ടൽ വ്യവസായ മേഖലയിലും ഉണ്ടാകുന്ന

പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു.' ' നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയാൽ അത് പ്രശ്നമില്ല. എന്നാൽ ഇപ്പോൾ പ്രശ്നമാണ്. അത് എന്തിനെക്കുറിച്ചാണെന്ന് ഞാൻ വിശദമാക്കാം. നിങ്ങൾ ചോദിക്കാൻവേണ്ടിയാണ് ഞാനാദ്യം പറയാതിരുന്നത്. 2014-ലെ നിങ്ങളുടെ മദ്യനയത്തെക്കുറിച്ചാണ് ചോദ്യം ഉന്നയിരിക്കുന്നത്. 'ടൂറിസം-തൊഴിൽ മേഖലയിൽ മദ്യനയം സൃഷ്ടിച്ച തിരിച്ചടികൾ പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;' എന്നതാണ് ചോദ്യം. ആ ചോദ്യത്തിന് ഉത്തരം നൽകിയ വ്യക്തി ഇവിടെയുണ്ട്. അദ്ദേഹത്തിന് ഇക്കാര്യത്തിൽ ഒരു സംശയവുമുണ്ടാകില്ല. അദ്ദേഹം നൽകിയ മറുപടിയുടെ മുഴുവൻ ഭാഗങ്ങളും വായിച്ച് സമയം കളയാതെ അവസാനഭാഗം മാത്രമാണ് ഞാൻ വായിച്ചത്. മദ്യനയത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പാക്കുമ്പോൾ പ്രവർത്തിച്ചുവരുന്ന ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകളുടെ

ലൈസൻസ് റദ്ദ് ചെയ്യപ്പെടും എന്നതിനാലും സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും വിനോദസഞ്ചാര മേഖലയിലും ഹോട്ടൽ വ്യവസായ മേഖലയിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വേണ്ടിയാണ് ടൂറിസം വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. ഇവിടെ ഡയറക്ടർ ഒരു യോഗം വിളിച്ചുചേർത്തതിനാണ് ഇപ്പോൾ ഈ കോലാഹലമുണ്ടാക്കുന്നത്. നിങ്ങൾ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിൽ നിങ്ങൾ അസ്വസ്ഥരാകേണ്ട കാര്യമില്ല.

മി. സ്പീക്കർ: നിങ്ങൾ സംസാരിച്ചപ്പോൾ അവർ ബഹളം വച്ച് പ്രശ്നമുണ്ടാക്കിയില്ലല്ലോ.

ശ്രീ. എം. ബി. രാജേഷ്: സർ, ഒരു വസ്തുത മാത്രമാണ് ഇപ്പോൾ പറഞ്ഞത്. ഇനിയും പല വസ്തുതകൾ പറയാനുണ്ട്. നിങ്ങളുടെ അക്ഷമയും അസഹിഷ്ണുതയും ആളുകളൊന്ന് കാണട്ടെ; ഞാൻ ഓരോന്നായി എല്ലാ കാര്യങ്ങളും വായിക്കുന്നുണ്ട്.

ശ്രീ. പി. കെ. ബഷീർ എം.എൽ.എ.-യുടെ ശബ്ദമാണ് ഇവിടെ ഉയർന്നുകേൾക്കുന്നത്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, പൊതുമരാമത്ത്

വകുപ്പുമന്ത്രിയായിരുന്നപ്പോൾ മുഖ്യമന്ത്രിക്ക് ഫോർവേഡ് ചെയ്ത സ്റ്റേക്ക് ഹോൾഡേഴ്സിന്റെ ഒരു നിവേദനമാണ് ഞാൻ വായിക്കുന്നത്. ' Request to save tourism industry from the crisis evolved due to the implementation of the new liquor policy in the State' . അതായത്, നിങ്ങളുടെ അന്നത്തെ മദ്യനയം ക്രൈസിസ് ഉണ്ടാക്കിയെന്ന് സ്റ്റേക്ക് ഹോൾഡേഴ്സ് പറയുകയും അത് പഠിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്യുന്നു. തുടർന്ന് ടൂറിസം വകുപ്പുമന്ത്രി മുഖേന ഉചിത നടപടി സ്വീകരിക്കാനായി ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇവിടെ നമ്മൾ യോഗം ചേർന്നാൽ തെറ്റാണല്ലേ; (....ബഹളം.....).

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്..... ബഹുമാനപ്പെട്ട റോജി എം. ജോൺ അവതരിപ്പിച്ചപ്പോൾ ആരും ശബ്ദമുണ്ടാക്കിയിട്ടില്ല.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, പ്രമേയാവതാരകന്റെ അത്യന്തം അധിക്ഷേപകരമായ ധാർഷ്ട്യവും പുച്ഛവും നിന്ദയും നിറഞ്ഞ പ്രസംഗം ക്ഷമയോടുകൂടിയാണ് ഞങ്ങളെല്ലാം കേട്ടിരുന്നത്. ഞാൻ അതുപോലുള്ള

ഏതെങ്കിലും വാക്കുകൾ ഉപയോഗിച്ചോ; ഇതെന്ത് അസഹിഷ്ണുതയാണ്; വസ്തുതകൾ പുറത്തുവരുമ്പോഴാണ് അസഹിഷ്ണുത കാണിക്കുന്നത്. ഓരോന്നിനും കമന്റ് പറയുകയാണ് ചെയ്യുന്നത്. ഇനിയും പല കാര്യങ്ങളും പറയാനിരിക്കുന്നതേയുള്ളൂ. ടൂറിസം മേഖലയിൽ തകർച്ചയുണ്ടാക്കിയെന്ന് ഇവിടെ പറഞ്ഞ പഠനം കണ്ടെത്തിയിട്ടുണ്ട്. MICE (Meetings, Incentives, Conferences and Exhibitions) ടൂറിസത്തിന്റെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനായി കേരളം ഇന്ന് മാറികൊണ്ടിരിക്കുകയാണ്. MICE ടൂറിസം കേരളത്തിന് വലിയ വരുമാന സാധ്യതയുണ്ടാക്കുന്ന ഒന്നാണെന്ന് നിങ്ങളുടെ വിദഗ്ദ്ധ സമിതി തന്നെ ചൂണ്ടിക്കാണിച്ചതാണ്. സമയമില്ലാത്തതുകാരണം ഞാനത് വായിക്കാത്തതാണ്. പഴയ ടൂറിസം വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. MICE ടൂറിസത്തിന് ഏറ്റവും വലിയ പ്രതിസന്ധിയുണ്ടാക്കിയ ഒന്നാണ് നിങ്ങളുടെ മദ്യനയമെന്ന് അക്കാലത്തുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. അതിനെക്കുറിച്ച് പഠിക്കാൻ നിങ്ങൾ നിയോഗിച്ച വിദഗ്ദ്ധ സമിതിയിലുള്ള ഒരാൾ ടൂറിസം സെക്രട്ടറിയായിരുന്നു. 2014-ലെ യു.ഡി.എഫ്.-ന്റെ മദ്യനയത്തെത്തുടർന്ന് MICE വ്യവസായത്തിലുണ്ടായ തിരിച്ചടിയുടെ

കണക്കുകൾ ആ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2014-ൽ 4.8 ശതമാനമായിരുന്ന കേരളത്തിന്റെ MICE ടൂറിസത്തിന്റെ വളർച്ചാനിരക്ക്. എന്നാൽ അത് 2013-ൽ 9.1 ശതമാനമായി. ഒറ്റ വർഷംകൊണ്ട് നിങ്ങളുടെ മദ്യനയം MICE ടൂറിസത്തെ തകർത്തു. 2015-ൽ വളർച്ചാനിരക്ക് 0.6 ശതമാനമായി മാറി. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന, വരുമാനമുണ്ടാക്കുന്ന സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട നട്ടെല്ലായ ഒരു മേഖലയെ തകർത്തു തരിപ്പണമാക്കിയ മദ്യനയം നിങ്ങളുടേതാണ്. ആ മദ്യനയത്തെക്കുറിച്ച് നിങ്ങളുടെതന്നെ മന്ത്രി മറുപടി കൊടുത്തിട്ടുണ്ട്. ആ പ്രത്യാഘാതങ്ങൾ പഠിക്കാൻ കമ്മിറ്റിയെ വയ്ക്കണമെന്ന് നിങ്ങളുടെ തന്നെ മന്ത്രിയായിരുന്നയാൾ മുഖ്യമന്ത്രിക്കും ടൂറിസം വകുപ്പുമന്ത്രിക്കും ശിപാർശ നൽകി ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ടൂറിസം വകുപ്പാണോ എക്സൈസ് പോളിസിയുണ്ടാക്കുന്നതെന്ന ചോദ്യം മുൻകാല പ്രാബല്യത്തോടെ ചോദിക്കേണ്ടിവരും. ‘ Report on Impact Assessment of New Liquor Policy on Tourism and Labour Sectors.’ ഇത് നേരത്തെ പറഞ്ഞ

കമ്മിറ്റിയുടെ പഠന റിപ്പോർട്ടാണ്. അതിൽ പറയുന്നത്, ' Kerala' s strength in MICE tourism is yet to be back. The stakeholders have pointed out that since most of the MICE and wedding packages lasts for five to seven days or are limited to weekends, the Sunday ban has forced many to replan or search for competing destinations.'

ഞാൻ ഈ റിപ്പോർട്ട് മുഴുവനായും വായിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾക്ക് ഇത് നൽകാം, നിങ്ങൾ വായിച്ചാൽ മതിയാകും. നിങ്ങളുടെ കാലത്തെ മദ്യനയം ടൂറിസം വകുപ്പിന് വരുത്തിയ തിരിച്ചടിയെക്കുറിച്ച് പഠിച്ച റിപ്പോർട്ടാണിത്. അതിനുവേണ്ടിയാണ് ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. ഇനി ഡ്രൈ ഡേയുടെ കാര്യത്തിലേയ്ക്ക് വരാം. നിങ്ങൾ ഉന്നയിച്ച വലിയൊരു ആക്ഷേപം അതാണല്ലോ? ഈ സർക്കാർ ഡ്രൈ ഡേ പിൻവലിച്ചിട്ടില്ലെന്ന് മാത്രമല്ല അതുസംബന്ധിച്ച പ്രാഥമിക ആലോചനപോലും നടത്തിയിട്ടില്ല. പക്ഷെ കേരളത്തിൽ ഡ്രൈ ഡേ പിൻവലിച്ചവരുണ്ട്. അത് ഞങ്ങളല്ല. ഡ്രൈ ഡേ കേരളത്തിൽ പിൻവലിച്ചത് നിങ്ങൾ ഭരിച്ചിരുന്ന 2014 കാലയളവിലാണ്. കേരളത്തിന്റെ

മുന്പുണ്ടായിട്ടുണ്ടോയെന്ന് അറിയില്ല. 2014-ൽ മൂന്ന് മദ്യനയങ്ങളുണ്ടായിട്ടുണ്ട്. അത് മൂന്ന് പിരിവിനാണോ എന്ന് ഞാൻ ചോദിക്കുന്നില്ല. 2014 ഫെബ്രുവരി, ആഗസ്റ്റ്, ഡിസംബർ എന്നിങ്ങനെ മൂന്നുമാസം കൂടുമ്പോൾ മദ്യനയമുണ്ടാക്കിയ കാര്യം നിങ്ങളല്ലാതെ മറ്റാരെങ്കിലും ചെയ്തിട്ടുണ്ടോ? അന്നത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. 2014 ആഗസ്റ്റ് 22-ാം തീയതിയിലെ മദ്യനയത്തിൽ എല്ലാ ഞായറാഴ്ചകളും ഡ്രൈ ഡേയായി പ്രഖ്യാപിച്ചു. ഒരു കൊല്ലം 52 ഞായറാഴ്ചകൾ വരും. തുടർന്ന് നാല് മാസം കഴിഞ്ഞ് ഡിസംബർ 20-ാം തീയതി വീണ്ടുമൊരു മദ്യനയമുണ്ടാക്കി. ഈ ഡ്രൈ ഡേ മുഴുവൻ പിൻവലിക്കാൻവേണ്ടിമാത്രമാണ് മൂന്നാമത്തെ മദ്യനയമുണ്ടാക്കിയത്. ഈ 52 ഡ്രൈ ഡേ പിൻവലിക്കുന്നതിനായി എത്ര പിരിച്ചു, എത്ര വാങ്ങി എന്നൊന്നും ഞാൻ ചോദിക്കുന്നില്ല. പക്ഷെ നിങ്ങളുടെ ചോദ്യം തിരിഞ്ഞുകുത്തുമെന്ന് നിങ്ങൾ മനസ്സിലാക്കണം. കോൺഗ്രസിന്റെ ബഹുമാന്യനായ അംഗമാണല്ലോ ഈ പരാതി ഉന്നയിക്കുന്നത്? കേരളത്തിൽ 18 ഡ്രൈ ഡേകളാണുള്ളത്. ഏതൊക്കെയാണെന്ന് സമയക്കുറവുമൂലം വിശദീകരിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ എത്ര ഡ്രൈ ഡേയുണ്ടെന്ന് നിങ്ങൾക്ക് പറയാൻ

സാധിക്കുമോ? വെറും ഒരു ഡ്രൈ ഡേ മാത്രമാണുള്ളത്. അത് മഹാത്മാ ഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2-നാണ്. ഇക്കാര്യം മുസ്ലീംലീഗും മനസ്സിലാക്കുന്നത് നല്ലതാണ്. ഇവിടത്തെ കാര്യം പറഞ്ഞപ്പോൾ കൂട്ടത്തിൽ കർണ്ണാടകയുടെ കാര്യംകൂടി പറയുന്നുവെന്നേയുള്ളൂ. നിങ്ങൾക്ക് കർണ്ണാടക എന്ന് കേൾക്കാനേ പറ്റാത്ത സ്ഥിതിയാണോ? തമിഴ്നാട്ടിൽ എട്ടും ഗോവയിൽ ഒരു ഡ്രൈ ഡേയുമാണുള്ളത്. ദക്ഷിണേന്ത്യയിലെ മറ്റേത് സംസ്ഥാനത്തെക്കാളും കൂടുതൽ ഡ്രൈ ഡേ കേരളത്തിലാണുള്ളത്. കളക്ഷന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 52 ഡ്രൈ ഡേ പിൻവലിച്ചതിന് എത്ര കളക്ഷൻ എന്ന ചോദ്യമാണ് ഉന്നയിക്കേണ്ടിയിരുന്നത്. ഞങ്ങൾ ഡ്രൈ ഡേ പിൻവലിച്ചിട്ടില്ല. ഇല്ലാത്ത ആക്ഷേപം നിങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കും. പിൻവലിച്ചവർ കോൺഗ്രസുകാരാണ്. 52 ഡ്രൈ ഡേ പിൻവലിക്കുന്നതിനുവേണ്ടിമാത്രം ഒരു വർഷം മൂന്നാമത്തെ മദ്യനയം കൊണ്ടുവന്നവരാണ് കോൺഗ്രസുകാർ. അതിന് മറുപടി പറയേണ്ടേ? എന്റെ കൈവശം നിങ്ങളുടെ മൂന്നാമത്തെ മദ്യനയത്തിന്റെ കോപ്പിയുണ്ട്. വിശ്വാസമില്ലെങ്കിൽ ഞാൻ വായിച്ചുതരാം. യു.ഡി.എഫ്. സർക്കാരിന്റെ ബാർ

പൂട്ടലിന്റെ ഒരു കഥയുണ്ട്. യു.ഡി.എഫ്. 418 ബാർ പൂട്ടിയത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നപ്പോഴാണ്. ഈ 418 ബാറുകൾക്കും നിലവാരമില്ലാത്തതുകൊണ്ട് അതിന് പ്രവർത്തനാനുമതി നൽകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വരുന്നതിനുമുമ്പ് എക്സൈസ് കമ്മീഷണറുടെ ശിപാർശയുണ്ടായിരുന്നെങ്കിലും ഇവർ അത് അവഗണിച്ചിരുന്നു. അക്കാര്യം സുപ്രീംകോടതിയുടെ വിധിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിനുള്ള തിരിച്ചടി സുപ്രീംകോടതിയിൽ നിന്നും കിട്ടിയപ്പോഴാണ് നിങ്ങൾക്ക് ബാർ പൂട്ടേണ്ടി വന്നത്. പക്ഷേ നിങ്ങൾ ആ 418 ബാറുകൾക്കും FL 11 ലൈസൻസ്/ ബിയർ വൈൻ പാർലറുകളുടെ ലൈസൻസ് കൊടുത്ത് പ്രായശ്ചിത്തം ചെയ്തുകൊണ്ടാണ് അവരോടുള്ള നിങ്ങളുടെ പ്രതിബന്ധതയും കൂറും പ്രകടിപ്പിച്ചത്. തുടർന്ന് നിങ്ങൾ റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷനെ നിയമിച്ചുവെങ്കിലും, ത്രീ സ്റ്റാറും അതിനുമുകളിലുമുള്ള ബാറുകൾക്കേ ലൈസൻസ് കൊടുക്കാവൂ എന്ന കമ്മീഷന്റെ ശിപാർശ നിങ്ങൾ നടപ്പാക്കിയില്ല. എന്നാൽ 2017-ൽ എൽ.ഡി.എഫ്. സർക്കാർ മദ്യനയത്തിൽ നിങ്ങളുടെ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കി. ഇതുമായി ബന്ധപ്പെട്ട് എന്തായിരുന്ന

നിങ്ങളുടെ നിലപാട്. നിങ്ങൾക്ക് മദ്യനയവുമായി ബന്ധപ്പെട്ട് എന്തെല്ലാം തർക്കങ്ങളാണ് ഉണ്ടായിരുന്നത്. അന്ന് ഇന്ത്യ ടുഡേയിൽ വന്നൊരു വാർത്ത ഞാൻ വായിക്കാം. ‘ However, Chandy, Home Minister Ramesh Chennithala, KPCC Vice President V. D. Satheesan and Excise Minister K. Babu opposed Sudheeran and said his stand was impractical. Sudheeran was of the view that the bars with only two-star status should be allowed to function in the State.’ മിനിമം രണ്ട് സ്റ്റാറിനേ ലൈസൻസ് കൊടുക്കാവൂ എന്നാണ് ശ്രീ. വി. എം. സുധീരൻ പറഞ്ഞത്. അതുപോലും പറ്റില്ല; അതും impractical ആണെന്നായിരുന്നു നിങ്ങളുടെ നിലപാട്. എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ മൂന്ന് സ്റ്റാറിനും അതിന് മുകളിലും മാത്രമെ ലൈസൻസ് കൊടുക്കാവൂ എന്ന ജസ്റ്റിസ് എം. രാമചന്ദ്രൻ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കി. ഇതിൽനിന്ന് ആരാണ് ബാറുകാരെ സഹായിച്ചതെന്ന് ഞാൻ കൂടുതൽ പറയേണ്ട കാര്യമുണ്ടോ? ‘ ….Though Chandy pressured him to accept a case for providing six-month license to the substandard bars...’ സബ്സ്റ്റാൻഡേർഡ് ആയിട്ടുള്ള ബാറുകൾക്ക് ആറുമാസത്തെ

ലൈസൻസ് കൊടുക്കാൻ അന്നത്തെ മുഖ്യമന്ത്രി പ്രഷർ ചെയ്തുവെന്നാണ് ഇന്ത്യാ ടുഡേയുടെ റിപ്പോർട്ട്.

നിങ്ങൾക്ക് വിശ്വാസമുള്ള വേറൊരു രേഖയെടുക്കാം. പ്രതിപക്ഷനേതാവിനെ നിങ്ങൾക്ക് വിശ്വാസമായിരിക്കുമല്ലോ; പ്രതിപക്ഷനേതാവിന്റെ വീഡിയോ എന്റെ കൈവശമുള്ള ഫോണിലുണ്ട്. പക്ഷേ അത് സഭയിൽ പ്രദർശിപ്പിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ അതിന്റെ വെർബാറ്റിം ഞാൻ വായിക്കാം. ബാറെല്ലാം അടച്ചുപൂട്ടി മദ്യനിരോധനത്തിന് ശിലപാകിയെന്ന് ഇപ്പോൾ വീമ്പ് പറയുകയാണ്. ആ തീരുമാനത്തിന് എതിരായിരുന്ന ശ്രീ. വി. ഡി. സതീശൻ. അന്ന് ശ്രീ. വി. എം. സുധീരനും ശ്രീ. വി. ഡി. സതീശനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. ആദ്യം പൂട്ടിയ 418 ബാറുകളിലും ബാക്കിയുള്ള ബാറുകളിലും നിലവാരമുള്ളവ തുറക്കണമെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ടൂറിസം, തൊഴിൽ, സാമൂഹിക മേഖലയിലെ തിരിച്ചടിയെക്കുറിച്ച് പരസ്യമായി അദ്ദേഹം പ്രതികരിച്ച വീഡിയോ ആണ് എന്റെ കൈവശമുള്ളത്. 2014 മേയ് രണ്ടിനാണ് അദ്ദേഹത്തിന്റെ പ്രതികരണം

വരുന്നത്. ഡ്രൈ ഡേയുടെ കാര്യത്തിൽ ഞാൻ പറഞ്ഞല്ലോ; നിങ്ങളുടെ മദ്യനയത്തെക്കുറിച്ച് ബഹുമാനപ്പെട്ട അന്നത്തെ മന്ത്രി പറഞ്ഞത്, ... (ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.... പ്ലീസ്.... അദ്ദേഹം പറയട്ടെ....

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അന്നത്തെ മന്ത്രിയുടെ പ്രസംഗമാണ്. പേര് ഞാൻ പറയേണ്ട കാര്യമില്ല. അന്നത്തെ മന്ത്രി ആരാണെന്ന് അറിയാമല്ലോ; “ Mr. Sudheeran was the first to tell me that less availability of liquor would lead to hooch tragedies. He had told this in the presence of Home Minister Ramesh Chennithala and Chief Minister Oommen Chandy while we were waiting at Thoppumpady to take part in a function being attended by the then Prime Minister Shri Manmohan Singh. But when I uttered the same point, it was misinterpreted that I was intimidating people,….’ ’ നിങ്ങളുടെ മദ്യനയം സംബന്ധിച്ച തർക്കത്തെക്കുറിച്ചാണ് പറയുന്നത്. നിങ്ങളുടെ മദ്യനയത്തിലെ തർക്കം വീതംവയ്പ്പ് / പങ്കുവയ്പ്പ് എന്നിവയെ സംബന്ധിച്ചതായിരുന്നു. ആ തർക്കമാണ് 418 ബാറുകൾ പൂട്ടിയിട്ടും

അവർക്ക് പ്രായശ്ചിത്തം ചെയ്യുന്നതിന് ഇടയാക്കിയത്. ആ തർക്കത്തെ തുടർന്നാണ് കേരളത്തിന്റെ സാമ്പത്തികമേഖലയ്ക്കും സമ്പദ്ഘടനയ്ക്കും ടൂറിസത്തിനും തൊഴിൽമേഖലയ്ക്കും അപരിഹാര്യമായ തിരിച്ചടിയും പ്രത്യാഘാതങ്ങളും ഉണ്ടായത്. ഇനി രണ്ട് കാര്യങ്ങൾ കൂടിയാണ് പറയാനുള്ളത്.

ഒന്ന്, ഈ സർക്കാർ മദ്യത്തിൽ മുക്കി കൊല്ലുകയാണ് എന്ന ആരോപണം അങ്ങേയറ്റം വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണ്. നമ്മുടെ മുമ്പിലുള്ള കണക്കുകളെല്ലാം ഞാനീ സഭയിൽ നേരത്തെയും പറഞ്ഞിട്ടുള്ളതാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2012-13-ൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന 244.33 ലക്ഷം കെയ്സാണ്. 2022-23-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 244.33-ൽ നിന്ന് 224.34 ലക്ഷം കെയ്സായി വില്പന കുറഞ്ഞു. അതായത് 2012-13-ൽ നിന്ന് 2022-23-ലേയ്ക്ക് പത്ത് വർഷത്തെ വ്യത്യാസത്തിൽ രണ്ട് സാമ്പത്തിക വർഷത്തെ താരതമ്യമെടുത്താൽ 20 ലക്ഷം കെയ്സിന്റെ അതായത് 8.1 ശതമാനത്തിന്റെ കുറവാണുണ്ടായത്.

മൂന്ന് സർക്കാരുകളുടെ കാലത്തെ കണക്ക് പരിശോധിച്ചാൽ, വിദേശ മദ്യവും ബിയറുമുൾപ്പെടെ രണ്ടും കൂട്ടിയാൽ, 2015-16-ൽ നിങ്ങളുടെ ബാർ അടച്ചുപൂട്ടലിനുശേഷം വിറ്റത് 355.95 ലക്ഷം കെയ്സാണ്. എന്നാൽ 2022-23-ൽ എത്തുമ്പോൾ നിങ്ങൾ മദ്യമൊഴുക്കുന്നു എന്നുപറയുമ്പോഴും അത് വെറും 337.54 ലക്ഷം കെയ്സാണ്.

മദ്യശാലകളുടെ കണക്കെടുത്താൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എല്ലാം കൂടി 842 മദ്യശാലകളുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 802 ബാറുകളാണുള്ളത്. അതാണ് നിങ്ങൾക്ക് കൂടുതൽ അസ്വസ്ഥതയുണ്ടാക്കുന്ന വസ്തുതകളുണ്ടെന്ന് ഞാൻ പറഞ്ഞത്.

സർക്കാരിന്റെ വരുമാനം മുഴുവൻ മദ്യത്തെ ആശ്രയിച്ചാണ് എന്നതാണ് മറ്റൊരു വാദം. കേരളത്തിൽ, പ്രതിപക്ഷം സഭയിലും സാമൂഹിക മാധ്യമങ്ങളിലൂടെയും വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കണക്ക് വസ്തുതാവിരുദ്ധമാണ്. 2012-13-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എക്സൈസ് തീരുവയും വില്പന നികുതിയും ഉൾപ്പെടെ മദ്യത്തിൽനിന്നുള്ള വരുമാനം ആകെ വരുമാനത്തിന്റെ 18.21 ശതമാനമായിരുന്നത് 2022-23-ൽ

13.4 ശതമാനമായി കുറഞ്ഞു. അതായത് മദ്യത്തിൽനിന്നുള്ള വരുമാനം 10 വർഷം കൊണ്ട് 4.8 ശതമാനം കുറഞ്ഞതിലൂടെ മദ്യത്തിന്റെ ഉപഭോഗവും വരുമാനവും വില്പനയും കുറഞ്ഞു.

കേസിന്റെ കാര്യമെടുത്താൽ, മദ്യനിരോധനമുണ്ടായ 2015-16-ലാണ് ഏറ്റവും കൂടുതൽ കേസ്സുകളുണ്ടായത്; 26000 അബ്കാരി കേസുകളാണുണ്ടായത്. യു.ഡി.എഫ്. സർക്കാരിന്റെ മദ്യനിരോധനം യഥാർത്ഥത്തിൽ ശ്രീ. വി. എം. സുധീരൻ പറഞ്ഞതുപോലെ വ്യാപകമായി വ്യാജ മദ്യം ഒഴുകാനിടയാക്കുകയാണ് ചെയ്തത്. ഞാൻ അതിന്റെ വിശദമായ കണക്കിലേയ്ക്കും പോകുന്നില്ല.

ഒരു സ്ക്വയർ കിലോമീറ്ററിനുള്ളിലെ മദ്യവില്പനശാലകളുടെ മറ്റ് സംസ്ഥാനങ്ങളുടെ കണക്ക് താരതമ്യം ചെയ്യുമ്പോൾ, കേരളത്തിൽ 121 സ്ക്വയർ കിലോമീറ്ററിൽ ഒരു റീട്ടെയിൽ ഔട്ട്‌ലെറ്റാണുള്ളത്. തമിഴ്‌നാട്ടിൽ 20 സ്ക്വയർ കിലോമീറ്ററിന് ഒരു റീട്ടെയിൽ ഔട്ട്‌ലെറ്റ്. കർണ്ണാടകയിൽ 22 സ്ക്വയർ കിലോമീറ്ററിന് ഒരു റീട്ടെയിൽ ഔട്ട്‌ലെറ്റ്. ആന്ധ്രാപ്രദേശിൽ 36 സ്ക്വയർ കിലോമീറ്ററിന് ഒരു റീട്ടെയിൽ ഔട്ട്‌ലെറ്റ്. കോൺഗ്രസ് ഭരിക്കുന്ന

തെലുങ്കാനയിൽ 50 സ്ക്വയർ കിലോമീറ്ററിന് ഒരു റീട്ടെയിൽ ഔട്ട്ലെറ്റ്. കേരളത്തിൽ 121 സ്ക്വയർ കിലോ മീറ്ററിന് ഒരു റീട്ടെയിൽ ഔട്ട്ലെറ്റ്. കർണ്ണാടകയിലെ മദ്യവില്പനശാലയുടെ എണ്ണം നോക്കിയാൽ അതിന്റെ അഞ്ചിൽ ഒന്നുമാത്രമെ കേരളത്തിൽ വരുന്നുള്ളൂ. അപ്പോൾ മദ്യത്തിൽ മുക്കി എന്ന നിങ്ങളുടെ വാദം പൊളിക്കുന്ന മറ്റൊരു കണക്കാണിതിലൂടെ തെളിയിക്കുന്നത്. ഈ ആക്ഷേപത്തിലെ മുഴുവൻ കാര്യങ്ങളും ബാർ ഉടമകളെ സഹായിക്കുന്നുവെന്നതാണ്. എന്നാൽ ഞങ്ങളല്ല ബാർ ഉടമകളെ സഹായിച്ചിട്ടുള്ളത്. 2015-16-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുന്ന സമയത്ത് എത്രയായിരുന്നു ലൈസൻസ് ഫീസ്? അപ്പോൾ ലൈസൻസ് ഫീസ് കുറയ്ക്കണമെന്നതായിരുന്നു ബാർ ഉടമകളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. അന്നത്തെ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയാണ്. അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷം രൂപ നിങ്ങൾ കൂട്ടി. എക്സൈസ് കമ്മീഷണറുടെ ശിപാർശ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. മൂന്നുലക്ഷം രൂപ കൂട്ടണമെന്നാണ് 2012-ൽ എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിരുന്നത്. പക്ഷേ നിങ്ങൾ അഞ്ച് വർഷംകൊണ്ട് കൂട്ടിയത് ഒരു ലക്ഷം രൂപയായിരുന്നു. അത് ബാർ ഉടമകളെ

സഹായിക്കാനാണോ എതിർക്കാനാണോയെന്ന് നിങ്ങൾ പറഞ്ഞാൽ മതി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ലൈസൻസ് ഫീസ് കൂട്ടിയത് 7 ലക്ഷം രൂപയായിരുന്നു. കഴിഞ്ഞ തവണത്തെ മദ്യനയത്തിൽ ഒറ്റയടിയ്ക്ക് കൂട്ടിയത് 5 ലക്ഷം രൂപയാണ്. രണ്ടുംകൂടി 12 ലക്ഷം രൂപയാണ്. ആരാണ് ബാർ ഉടമകളെ സഹായിക്കുന്നത്; ലൈസൻസ് ഫീസ് കൂട്ടിയാണോ എൽ.ഡി.എഫ്. സർക്കാർ ബാർ ഉടമകളെ സഹായിച്ചത്; എക്സൈസ് കമ്മീഷണറുടെ ശിപാർശപോലും തള്ളിക്കളഞ്ഞ് ഒരു ലക്ഷം രൂപ നാമമാത്രമായി വർദ്ധിപ്പിച്ചാണ് നിങ്ങൾ ബാർ ഉടമകളെ നേരിട്ടത്. ലൈസൻസ് ഫീസ് കുറച്ചുനൽകിയതിന്റെ താൽപ്പര്യമെന്തായിരുന്നു; കമ്മീഷണറുടെ ശിപാർശ തള്ളിക്കളഞ്ഞതിന്റെ പിന്നിലെ താൽപ്പര്യമെന്തായിരുന്നു? നിങ്ങൾ ഇക്കാര്യങ്ങൾ വ്യക്തമാക്കിയാൽ മതി. അവതാരകൻ പറഞ്ഞതുപോലുള്ള നിലവാരത്തിൽ ചോദിച്ചാൽ എന്തെല്ലാം quid pro quo ഉണ്ടായിട്ടുണ്ട്; ഞങ്ങൾ ശക്തമായ നടപടിയാണ് ഇക്കാര്യത്തിലെടുത്തിട്ടുള്ളത്. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്തെ സ്ഥിതി എന്തായിരുന്നു; അവർ സഹായിക്കുന്ന കാര്യമല്ലേ പറഞ്ഞത്; 2011-2016-ൽ

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5 ബാറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. എന്നാൽ 2016-21-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 37 ബാറുകളുടെ ലൈസൻസാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത്. നിങ്ങളുടെ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിന്റെ 7 ഇരട്ടിയാണിത്. 2021-24 കാലഘട്ടത്തിൽ 87 ബാറുകളുടെ ലൈസൻസാണ് ഞങ്ങൾ സസ്പെൻഡ് ചെയ്തത്. ഇത് 17 ഇരട്ടിയാണ്. ഇപ്പോൾ 2 മാസത്തിനിടയിൽ 15 ബാറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. നിങ്ങൾ അഞ്ച് കൊല്ലംകൊണ്ട് സസ്പെൻഡ് ചെയ്ത ബാറുകളുടെ 3 ഇരട്ടി ഈ വിവാദമുണ്ടായെന്നുപറയുന്ന രണ്ടുമാസം കൊണ്ട് ഞങ്ങൾ സസ്പെൻഡ് ചെയ്തു. അപ്പോൾ ബാർ ഉടമകളെ ആരാണ് സഹായിക്കുന്നത്; എത്ര കർക്കശമായ നിലപാടുകളാണ് ഇക്കാര്യത്തിൽ ഈ സർക്കാർ എടുത്തിട്ടുള്ളത്; എന്തെങ്കിലും വിളിച്ചുപറഞ്ഞതുകൊണ്ട് വസ്തുത വസ്തുതയല്ലാതാകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബാറുകളുടെ ക്രമക്കേടുകൾക്ക് ചുമത്തിയ പിഴ ഇരട്ടിയാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. രണ്ട് ബാറുകളുടെ ലൈസൻസ് റദ്ദാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. ടേൺ ഓവർ ടാക്സ്

ധനകാര്യ വകുപ്പ് പിരിച്ചെടുക്കുന്നില്ലെന്ന നടപടിയെ സംബന്ധിച്ച് പ്രതിപക്ഷനേതാവ് എപ്പോഴും ഉന്നയിക്കാറുണ്ട്. ബാർ ഹോട്ടലുകളിൽ ജി.എസ്.ടി. വകുപ്പ് ഇൻസ്പെക്ഷൻ നടത്തിവരുന്നുണ്ട്. ഈ വർഷം ഇതുവരെ 21 ബാർ ഹോട്ടലുകളിൽ ജി.എസ്.ടി. വകുപ്പ് ഇൻസ്പെക്ഷൻ നടത്തുകയും റിട്ടേൺ ഫയൽ ചെയ്യാതെ ടി.ഒ.ടി. അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ കെ.ജി.എസ്.ടി. നിയമ പ്രകാരമുള്ള പെനാൽറ്റി ചുമത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുംകൂടി കേൾക്കേണ്ട കാര്യമാണിത്, നിങ്ങൾ ഈ വിവാദത്തെക്കുറിച്ച് പറയുന്ന കാലത്ത് 16 ബാർ ഹോട്ടലുകളിൽ കെ.ജി.എസ്.ടി. നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത ഗവൺമെന്റാണിത്. ഇതിന്റെയെല്ലാം ഫലമായി റിട്ടേൺ ഫയലിംഗ് പെൻഡൻസിയുണ്ടായിരുന്ന ചില ബാറുകൾ റിട്ടേൺ ഫയൽ ചെയ്ത് അപാകം പരിഹരിച്ചുതുടങ്ങി. ഇതാണ് ഞങ്ങൾ എടുത്തിട്ടുള്ള നിലപാട്. ഇവരുടെ മുന്നിൽപോയി നിൽക്കേണ്ട ആവശ്യം വരുന്നില്ല. ഇവരോടൊന്നും ഒരു quid pro quo-യും ഞങ്ങളാരും എർപ്പെടാറില്ല. അതിന്റെ തെളിവാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടികൾ. അത് ശീലിച്ചവർക്ക്

സംശയം തോന്നാം. നിങ്ങളുടെ കാലത്ത് നടപടിയെടുക്കാത്തതും ലൈസൻസ് സസ്പെന്റ് ചെയ്യാത്തതും ലൈസൻസ് റദ്ദാക്കാത്തതും ഫൈൻ ചുമത്താത്തതും അതുകൊണ്ടാണ്. രജിസ്ട്രേഷൻ റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികളാണ് ഞങ്ങൾ നടത്തിയിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് ബാർ പ്രവർത്തന സമയം പന്ത്രണ്ടര മണിക്കൂർ ആയിരുന്നു. അതായത് രാവിലെ 9.30 മുതൽ രാത്രി 10 മണിവരെ ആയിരുന്നു. ഇപ്പോൾ രാവിലെ 11 മണിമുതൽ രാത്രി 11 മണിവരെയാണ് ബാർ സമയം അരമണിക്കൂർ സമയം കുറച്ചവരാണ് ഞങ്ങൾ. ബാർ ഉടമകളുടെ പ്രധാനപ്പെട്ട ആവശ്യം സമയം നീട്ടിത്തരണമെന്നായിരുന്നു. ഞങ്ങൾ അരമണിക്കൂർ കുറക്കുകയാണ് ചെയ്തത്. നിങ്ങൾ ഉന്നയിച്ച എല്ലാ കാര്യങ്ങളും വസ്തുതാവിരുദ്ധമാണെന്നും അടിസ്ഥാന രഹിതമാണെന്നും അസത്യമാണെന്നും ഞാൻ തുടക്കത്തിൽ പറഞ്ഞത് അതുകൊണ്ടാണ്. അസത്യങ്ങളുടെ മുകളിൽ കെട്ടിപ്പൊക്കിയ ഒരു വിവാദത്തിന് 48 മണിക്കൂർ മാത്രമേ ആയുസ്സുണ്ടാകുകയുള്ളൂ. ഇതിൽ എന്തെങ്കിലും സത്യം ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയായിരിക്കില്ലല്ലോ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. അടിയന്തരപ്രമേയം ഇങ്ങനെ ചീറ്റിപ്പോകുമായിരുന്നില്ല.

നിങ്ങളെ പിന്തുണയ്ക്കുന്ന ഒരു മാധ്യമ ശൃംഖലയുണ്ടല്ലോ; എല്ലാത്തരത്തിലുമുള്ള ശ്രമം നടത്തിയിട്ടുള്ളതാണല്ലോ? ആനന്ദിന്റെ വിഖ്യാതമായ ഒരു നോവലാണ് 'ഗോവർധന്റെ യാത്രകൾ'. ഞാൻ പഠിക്കുന്ന കാലത്ത് വായിച്ചതാണ്. അതിൽ ഒരു ഭാഗമുണ്ട്. ഒരു കുരുക്കുമായി ചൗപട് രാജാവ് നടക്കുകയാണ്. ആ കുരുക്കിന് പറ്റിയ പാകമുള്ള കഴുത്ത് അന്വേഷിച്ചാണ് അദ്ദേഹം നടക്കുന്നത്. കേരളത്തിലെ പ്രതിപക്ഷം ആനന്ദിന്റെ നേവലിലെ ചൗപട് രാജാവിനെപ്പോലെ ഒരു കുരുക്കുമായി നടക്കുകയാണ്. ആദ്യം ആ കുരുക്ക് ആരോഗ്യ വകുപ്പുമന്ത്രിയുടെ കഴുത്തിൽ കുരുക്കാൻ നോക്കി. ആ കഴുത്തിന് പാകമാകാത്തതിനാൽ അത് എക്സൈസ് വകുപ്പുമന്ത്രിയുടെ കഴുത്തിൽ കുരുക്കാൻ നോക്കി. ആ കഴുത്തും അതിന് പാകമാകുന്നില്ല. പിന്നെ ടൂറിസം വകുപ്പ് മന്ത്രിയുടെ കഴുത്തിന് പാകമാകുമോയെന്ന് നോക്കി. അതും പാകമായില്ല. നിങ്ങൾ ഈ കുരുക്കുംകൊണ്ട് നടക്കാൻ തുടങ്ങിയിട്ട് കുറച്ചുനാളുകളായി. നിങ്ങൾക്കുവേണ്ടി കുരുക്ക് മുറുക്കാൻ കുറച്ചുപേർ പുറത്തുണ്ടല്ലോ; 'കുരുക്ക് മുറുക്ക്' എന്ന പേരിൽ തലക്കെട്ടുകൾ സൃഷ്ടിക്കുന്ന ആളുകളുണ്ടല്ലോ; കുരുക്കുമായി കഴുത്ത് അന്വേഷിച്ച് ഇവിടെ നടന്നിട്ട്

കാര്യമില്ല. അതിന് പാകമായ കഴുത്തുകൾ നിങ്ങളുടെ ഇടയിൽ ധാരാളമുണ്ടെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. നിങ്ങളും ഞങ്ങളും രണ്ട് രീതിയിൽ വളർന്നുവന്നിട്ടുള്ളവരാണെന്ന് മനസ്സിലാക്കണം. നിങ്ങളുടെ രീതിയും ശൈലിയും സംസ്കാരവുമല്ല ഞങ്ങളുടേതെന്നും മനസ്സിലാക്കണം. അതുകൊണ്ടാണ് ഇവിടെ നിവർന്നുനിന്ന് ഈ വസ്തുതകൾ മുഴുവൻ എണ്ണിപ്പറഞ്ഞ് മറുപടി പറയാൻ എനിക്ക് സാധിക്കുന്നത്. ഈ കുരുക്ക് ആത്യന്തികമായ ഒരു കഴുത്താണ് ലക്ഷ്യം വയ്ക്കുന്നത്. ഒറ്റ കഴുത്തിനുവേണ്ടിയാണ് എട്ട് വർഷമായി ഇവർ കുരുക്ക് മുറുക്കിക്കൊണ്ടിരിക്കുന്നത്. ഇതുവരെ അത് നടന്നിട്ടില്ല. അതുകൊണ്ട് നിങ്ങൾ ഈ കുരുക്കുമായി അലഞ്ഞുകൊണ്ടിരിക്കുക. ഞങ്ങൾ ഈ അനിഷേധ്യമായ സത്യങ്ങളുടെ/വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതിനെ നേരിടുകതന്നെ ചെയ്യും. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാന്യനായ മന്ത്രിയുടെ മറുപടി കേട്ടുകഴിഞ്ഞപ്പോൾ എനിക്ക് ഒരു സംശയം, ഇവിടെ ശ്രീ. റോജി എം. ജോൺ നോട്ടീസ് നൽകിയത് യു.ഡി.എഫ്. കാലത്തെ മദ്യനയം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണോയെന്ന്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ മുഴുവൻ യു.ഡി.എഫ്. കാലഘട്ടത്തിലെ മദ്യ നയത്തെക്കുറിച്ചാണ് പറയുന്നത്. He was always beating around the bush. ആരോപണം ഉന്നയിച്ച വിഷയത്തിലേയ്ക്ക് അദ്ദേഹം കടന്നിട്ടില്ല, അതിന്റെ സമീപത്തുകൂടിപോലും അദ്ദേഹം പോയിട്ടില്ല. അതിന് മറുപടി പറയാൻ സാധിക്കില്ല. വളരെ കൃത്യമായ മറുപടിയാണ് പറയേണ്ടത്. എന്നിട്ടും എത്ര അഭിമാനത്തോടെയാണ് ഇങ്ങനെയൊരു ആരോപണം വന്നപ്പോൾ എന്റെ ഓഫീസ് ഡി.ജി.പി.-ക്ക് പരാതി നൽകിയെന്ന് അദ്ദേഹം പറഞ്ഞത്. ബാർ ഹോട്ടലുകളിലെ മുതലാളിമാരുടെ യോഗം ചേർന്നപ്പോൾ,........ Let me compete this point. ഞാൻ പറയാൻ അനുവദിക്കാം. നിങ്ങൾ ഇരിക്കൂ.... ഞാൻ പോയിന്റ് പറഞ്ഞില്ലല്ലോ; ഇത് എങ്ങനെ പുറത്തുപോയി എന്നാണ് പോലീസ്

അന്വേഷിച്ചത്. യഥാർത്ഥത്തിലുള്ള ആക്ഷേപം ശ്രീ. റോജി എം. ജോൺ വളരെ വ്യക്തമായി പറഞ്ഞതാണ്. ബാർ ഉടമകളുടെ നേതാവിന്റെ വോയിസ് മെസേജാണ് പുറത്തുവന്നത്, അത് തെളിവല്ലേ; ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നുള്ള വിധിയിൽ പറയുന്നത് എവിഡൻസ് ആക്റ്റ് പ്രകാരമുള്ള തെളിവാണ് ഇതെന്നാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത് കേട്ടില്ലെങ്കിൽ, മുമ്പ് കോടിയേരി ബാലകൃഷ്ണൻ നിയമസഭയിൽ എവിഡൻസ് ആക്റ്റിനെക്കുറിച്ച് പ്രതിപക്ഷ ഉപനേതാവിന്റെ കസേരയിൽ ഇരുന്നുകൊണ്ട് പറഞ്ഞിട്ടുള്ളത് എവിഡൻസ് ആക്റ്റ് ഇക്കാര്യത്തിൽ ബാധകമാണെന്നാണ്. ഈ വോയിസ് മെസേജ് എവിഡൻസാണ്. 'തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഉടൻ പുതിയ പോളിസി വരുന്നതാണ്' എന്നാണ് അതിൽ പറയുന്നത്. അതിനകത്ത് ഒന്നാം തീയതി ഡ്രൈ ഡേ എടുത്ത് കളയുന്നതടക്കമുള്ള കാര്യങ്ങളുണ്ടാകും. ഇതൊക്കെ ചെയ്തുതരണമെങ്കിൽ നമ്മൾ കൊടുക്കേണ്ട കാര്യങ്ങൾ കൊടുക്കണം. ഇടുക്കി ജില്ലയിൽനിന്ന് ഒരു ഹോട്ടൽ മാത്രമാണ് ഇതുകൊടുത്തത്. പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല. ഇതാണ് യഥാർത്ഥത്തിലുള്ള വിഷയം. ഡ്രൈ ഡേ

എടുത്തുകളയാമെന്നുള്ള ഉറപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാർ ഉടമകൾ പണപ്പിരിവ് ആരംഭിച്ചു. കുറേ പണം കിട്ടി, മുഴുവൻ പണവും കിട്ടിയില്ലെന്നാണ് പരാതി. അബ്കാരി നയത്തിൽ ചെയിഞ്ചുണ്ടാകുമെന്ന് ഉറപ്പുകൊടുത്തുകൊണ്ടാണ്, അബ്കാരി മുതലാളിമാർ വെറുതെ പണം പിരിക്കുമോ? അവരുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടിയാണ് ഇത് കൊടുത്തതെന്ന ന്യായമൊക്കെ അവർ പറഞ്ഞു. അവരുടെ മീറ്റിംഗിന്റെ അജണ്ട എന്തായിരുന്നു; നമ്മുടെ വ്യവസായത്തിന്റെയും സംഘടനയുടെയും സ്ഥിതി വിലയിരുത്തുന്നതിനും ഇലക്ഷനുശേഷം വരാനിരിക്കുന്ന പുതിയ അബ്കാരി പോളിസിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുംവേണ്ടിയാണ് അവർ യോഗം ചേർന്നത്, കെട്ടിട നിർമ്മാണത്തിനുവേണ്ടിയല്ല. പുതിയ അബ്കാരി പോളിസി അവർക്ക് അനുകൂലമായി നടപ്പാക്കണമെങ്കിൽ പണം കൊടുക്കണം. അതിനുവേണ്ടിയുള്ള പണപ്പിരിവ് നമ്മൾ ആരംഭിച്ചു. പക്ഷെ, വേണ്ട രീതിയിൽ മുന്നോട്ടുപോകുന്നില്ല. ആവശ്യമായ പണം എല്ലാവരും തരുന്നില്ല. അതുകൊണ്ട് നിർബന്ധമായും നിങ്ങൾ ഇത്രയും ദിവസത്തിനുള്ളിൽ (രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ), കാരണം ഇലക്ഷന്റെ പെരുമാറ്റ ചട്ടം അവസാനിക്കാൻ

പോകുകയാണ്. പെരുമാറ്റ ചട്ടം അവസാനിച്ചാൽ അബ്കാരി പോളിസിൽ ചെയ്ഞ്ച് വരും. പെരുമാറ്റ ചട്ടം അവസാനിക്കുന്നതിനുമുമ്പ് പെട്ടെന്ന് ഈ പണം കളക്ട് ചെയ്തുകൊടുക്കണം. 'പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല' എന്നാണ് ബാർ ഉടമകളുടെ നേതാവ് പറയുന്ന വാചകം. അതാണ് കേസ്. അവിടെയാണ് cause of action. അതുകൊണ്ടാണ് പറഞ്ഞത്, ആ വോയിസ് മെസേജും അതുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്ന നടപടിക്രമങ്ങളും it will attract the provisions of 'Prevention of Corruption Act 1988'. 'Prevention of Corruption Act'-ന്റെ 8, 9, 12 എന്നീ വകുപ്പുകളനുസരിച്ച് കേസ്സെടുക്കണം. മുൻ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ കൊടുത്ത പരാതിയിൽ കേസെടുത്തത് എന്തിന്റെ പേരിലാണ്; ഞങ്ങൾ പൈസ കൊടുത്തുവെന്ന് ഒരു ബാർ ഉടമ പറഞ്ഞു, അതിന്റെ പുറത്തല്ലേ? കൊടുക്കാൻ ഞങ്ങൾ പൈസ കളക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്, പൈസ കൊടുക്കാതെ ഇത് നടക്കില്ലെന്ന് ബാർ ഉടമതന്നെയാണ് ഇവിടെ പറയുന്നത്. ടൂറിസം വകുപ്പിനെക്കുറിച്ച് പറഞ്ഞു. ഇതിൽ ഏറ്റവും രസകരമായ കാര്യമെന്നത്, ബഹുമാനപ്പെട്ട മന്ത്രി കുറെ ഡോക്യുമെന്റ്സ് വായിച്ചു. ഞങ്ങളുടെ

ഗവൺമെന്റ് ബാറുകൾ പൂട്ടി. അതൊരു പോളിസിയായിരുന്നു. 418 ബാറുകൾ പരിശോധിക്കാൻ വേണ്ടിയുണ്ടായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തിക്കഴിഞ്ഞപ്പോൾ ഫൈവ് സ്റ്റാർ ഒഴികെയുള്ള മുഴുവൻ ബാറുകളും പൂട്ടാൻവേണ്ടി അത് ശരിയായാലും തെറ്റായാലും ഒരു തീരുമാനമെടുത്തു. പോളിസി മാറ്റമാണ്. അത് ചെയ്തുകഴിഞ്ഞപ്പോൾ നിരവധി പരാതികൾ വന്നു. തൊഴിൽ മേഖലയിൽ, ഞാനും പറഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. അത് നമ്മുടെ ടൂറിസം മേഖലയെയും തൊഴിൽമേഖലയെയും നേരിട്ട് ബാധിച്ചിട്ടുണ്ട്. ഒരുപാട് പേർക്ക് ജോലി പ്രൊവൈഡ് ചെയ്യുന്ന ഒരു ഇൻഡസ്ട്രിയാണ്. ഇത് മൊത്തം അടച്ചപ്പോൾ അത് ബാധിച്ചിട്ടുണ്ടെന്നുപറഞ്ഞ് എക്സൈസ് വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി വന്നു. മുൻ മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിന് ഒരു ലെറ്റർ കൊണ്ടുപോയി കൊടുത്തു. ഇത് പരിശോധിക്കണമെന്നുപറഞ്ഞ് അദ്ദേഹം മുഖ്യമന്ത്രിക്ക് ഫോർവേഡ് ചെയ്തു. അങ്ങനെയല്ലേ എല്ലാവരും ചെയ്യുന്നത്; നിങ്ങൾക്ക് തീരുമാനമെടുക്കാൻ പറ്റാത്ത കാര്യങ്ങൾ സംബന്ധിച്ച് ഒരു പരാതി കിട്ടിയാൽ നിങ്ങൾ മന്ത്രിമാർ മുഖ്യമന്ത്രിക്ക് കൊടുക്കില്ലേ; അത് ഇവിടെയിരുന്ന് വലിയ

രേഖയാണെന്നുപറഞ്ഞ് വായിക്കുകയാണ്. സമ്മതിക്കണം. അങ്ങയുടെ ഗവൺമെന്റിന്റെ എക്സൈസ് പോളിസികൊണ്ട് ടൂറിസം മേഖലയിലും തൊഴിൽ മേഖലയിലും ഇങ്ങനെ ഇംപാക്ട് ഉണ്ടായിട്ടുണ്ട്. ടൂറിസം മേഖലയിലെ ഇംപാക്ട് പഠിക്കാൻ ടൂറിസം സെക്രട്ടറിക്കും തൊഴിൽ മേഖലയിലെ ഇംപാക്ട് പഠിക്കാൻ തൊഴിൽ സെക്രട്ടറിക്കും കൊടുത്തു. അല്ലാതെ ടൂറിസം മേഖലയിലെ ഇംപാക്ട് പഠിക്കാൻ ഹോം സെക്രട്ടറിക്കാണോ കൊടുക്കേണ്ടത്? അങ്ങ് പറഞ്ഞതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. ടൂറിസം വകുപ്പ് അതിൽ ഇടപെട്ടുവെന്നതാണ് ഇവിടത്തെ പരാതി. സ്റ്റേക്ക്ഹോൾഡേഴ്സുമായി ആലോചിച്ച് അബ്കാരി പോളിസി തീരുമാനിക്കുന്നത് എക്സൈസ് മന്ത്രിയാണെന്നും എക്സൈസ് വകുപ്പാണെന്നും അങ്ങ് പറഞ്ഞത് ശരിയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ വായിച്ച, ടൂറിസം വകുപ്പ് വിളിച്ച കത്തിൽ എന്താണ് ടോപ്പിക്? ടോപ്പിക് എന്ന് എഴുതിയിട്ട് പറയുകയാണ് 'എക്സൈസ് പോളിസി റിന്യൂവൽ മീറ്റിംഗ്'. അങ്ങ് പറഞ്ഞതുപോലെ അങ്ങയുടെ വകുപ്പ്, അങ്ങ് മന്ത്രിയായിരിക്കുന്ന വകുപ്പ്, സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ചുനടത്തണം. ടൂറിസം വകുപ്പ് അബ്കാരി

പോളിസി റിന്യൂവൽ മീറ്റിംഗ് സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ചു നടത്തുകയാണ്, ബാർ ഉടമകളെ വിളിച്ച് ടൂറിസം വകുപ്പ് നടത്തുകയാണ്. അത് സബ്ജക്ടായി വച്ച് നടത്തുകയാണ്. അതാണ് പറഞ്ഞത് അങ്ങയുടെ എക്സൈസ് വകുപ്പ് ടൂറിസം വകുപ്പ് ഹൈജാക്ക് ചെയ്തു. അവരാണ് തീരുമാനിക്കുന്നത്. ഞങ്ങൾ വേണ്ട രീതിയിൽ ചെയ്തോളാമെന്ന് പറഞ്ഞ് 21-ാം തീയതിയിലെ മീറ്റിംഗിൽ അവർക്ക് ഉറപ്പുകൊടുത്തത് അവരാണ്. അതുകൊണ്ടാണ് 23-ാം തീയതി ബാർ ഉടമകളുടെ യോഗം ചേർന്ന് അവർ തീരുമാനിച്ചത്. ഈ അബ്കാരി പോളിസിയുടെ കാര്യം പഠിക്കാൻ വേണ്ടി ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തുന്നത് ടൂറിസം സെക്രട്ടറിയെയാണ്. ടൂറിസം വകുപ്പിന് അബ്കാരി പോളിസി റിവ്യൂ ചെയ്യാനുള്ള സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ച് മീറ്റിംഗ് നടത്താനുള്ള എന്ത് അധികാരമാണുള്ളത്? ഞാൻ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞതിനോട് യോജിക്കുകയാണ്. അങ്ങ് പറഞ്ഞത് ടൂറിസം വകുപ്പുമന്ത്രിയോടാണെന്നാണ് ഞാൻ കരുതുന്നത്. മന്ത്രിയെന്നുള്ള നിലയിൽ ഞാനാണ് സ്റ്റേക്ക്ഹോൾഡേഴ്സിനെ വിളിച്ച് മീറ്റിംഗ് നടത്തേണ്ടതെന്ന് അങ്ങ് ഞങ്ങളോടല്ല പറഞ്ഞത്, ടൂറിസം വകുപ്പുമന്ത്രിയോടാണെന്ന് എനിക്ക്

മനസ്സിലായി. ആ മീറ്റിംഗ് നടത്താൻ അവർക്ക് എന്ത് അധികാരമാണുള്ളത്? അവർ അത് ചെയ്യാൻ പാടില്ലായിരുന്നു. അവർ നിങ്ങളുടെ വകുപ്പിലേക്കാണ് കടന്നുകയറിയത്.... ഞാൻ കംപ്ലീറ്റ് ചെയ്തോട്ടെ.

മി. സ്പീക്കർ: യീൽഡ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോയിന്റ് പറഞ്ഞുതീർത്തോട്ടെ.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മറ്റ് കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. ഈ പറഞ്ഞതിന് മാത്രം മറുപടി പറയാം. ടൂറിസം ഡയറക്ടർ ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് നിരന്തരം യോഗങ്ങൾ നടത്താറുണ്ട്. അത് ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴും നടത്താറുണ്ട്. ഒരുമാസം നാൽപ്പത്തിലധികം യോഗങ്ങൾ നടക്കാറുണ്ട്. ഇതൊക്കെ മന്ത്രി നിർദ്ദേശിച്ചിട്ടോ അറിഞ്ഞിട്ടോ അല്ല. ഈ പ്രത്യേക യോഗത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ടൂറിസം ഡയറക്ടർ വിശദീകരിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട ഈ യോഗത്തിൽ ഹൗസ്ബോട്ട് ഓണേഴ്സ് ഉൾപ്പെടെ എല്ലാ വിഭാഗം ആളുകളും പങ്കെടുത്തിട്ടുണ്ട്. ഇത്തരമൊരു കാര്യത്തിലാണെങ്കിൽ അവരെ പ്രത്യേകിച്ച് വിളിക്കേണ്ടതില്ല. ഇൻഡസ്ട്രി

നൽകിയിട്ടുള്ള ആപ്ലിക്കേഷൻസ്, നിവേദനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളിൽ ഒരു വിഷയമാണ് സബ്ജക്റ്റാക്കി വച്ചത് എന്നുള്ളതും ടൂറിസം ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. കാര്യങ്ങൾ അതിൽ വ്യക്തമാണ്. നിങ്ങളെപ്പോലെ പറയാനുള്ളത് വേറെയാരെയെങ്കിലുംനോക്കി പറയുന്ന ശീലമില്ല, മുഖത്തുനോക്കിപ്പറഞ്ഞ് ശീലമുള്ളവരാണ് ഞങ്ങൾ. എന്തുകൊണ്ട് എന്നെ ഇതിലേയ്ക്ക് വലിച്ചിഴക്കുന്നുവെന്നുള്ളത് എനിക്കുമറിയാം ജനങ്ങൾക്കുമറിയാം. ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ ഇവിടെ കൃത്യമായി വ്യക്തമാക്കി. വ്യക്തിപരവും വളരെ പ്രയാസകരവുമായൊരു സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽനിന്നും ഒഴിവായി നേരത്തേതന്നെ ലീവിൽ പോയ വകുപ്പ് ഡയറക്ടർ ഇതുമായി ബന്ധപ്പെട്ട് പോയതാണെന്ന് വാർത്ത ചമച്ചു. ആ വാർത്ത കൊണ്ടുവന്നത് ഒരു പ്രധാനപ്പെട്ട വെബ്സൈറ്റാണ്. ആ വെബ്സൈറ്റും ഇവിടത്തെ പ്രതിപക്ഷവും തമ്മിലുള്ള ബന്ധമെന്താണെന്ന് ഞാൻ ഇപ്പോൾ പറയേണ്ടതില്ല. ഇതൊക്കെ ആളുകൾക്ക് വളരെ വ്യക്തമാണ്. പറയാനുള്ളത് ഡയറക്ടായി പറഞ്ഞുപോകുന്നത് തന്നെയാണ് നല്ലത്. അതാണ്

ഞങ്ങളെടുത്ത രീതി. അല്ലാതെ വേറൊരാളെ ഉദ്ദേശിച്ച് മറ്റൊരാളോട് പറയുന്ന ശീലം ഞങ്ങൾക്കല്ല. ആ പട്ടം ചേരുന്നത് നിങ്ങൾക്കാണ്.

മി. സ്പീക്കർ: തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് ഇവിടെ പറഞ്ഞ ഒരൊറ്റ കാര്യത്തിലെ വസ്തുതാപരമായ ഒരു പിശക് മാത്രം ചൂണ്ടിക്കാണിക്കുകയാണ്. ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി പരാതി കൊടുത്തതെന്ന തെറ്റായ കാര്യം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ പരാതിയിലെ അവസാനത്തെ വാചകം വായിക്കാം, 'ഈ സാഹചര്യത്തിൽ ഇല്ലാത്ത മദ്യനയത്തെക്കുറിച്ച് ഇത്തരം കിംവദന്തികൾ പ്രചരിപ്പിച്ചും തെറ്റിദ്ധാരണ സൃഷ്ടിച്ചും പണം പിരിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശാനുസരണം അഭ്യർത്ഥിക്കുന്നു', എന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ പരാതിയാണ്. പണം പിരിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചെന്നാണ്.

ഇങ്ങനെയാണ് തെറ്റായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങ് തിരുത്തുമെന്ന് ഞാൻ വിചാരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ടൂറിസം വകുപ്പ് ഡയറക്ടർ ഇങ്ങനെയൊരു യോഗം വിളിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി സമ്മതിച്ചു. ഞങ്ങളുടെ ചോദ്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു, അബ്കാരി പോളിസി റിവ്യൂ, എക്സൈസ് പോളിസി റിന്യൂവൽ എന്നുപറഞ്ഞൊരു ടോപ്പിക് കൊടുത്ത് മീറ്റിംഗ് നടത്താൻ ടൂറിസം വകുപ്പിന് എന്ത് അധികാരമാണുള്ളത്? ഇവിടെ പറഞ്ഞിരിക്കുന്നത് ടൂറിസം ഡയറക്ടർ മാസം 40 മീറ്റിംഗ് വിളിക്കുംമെന്നും ആ മീറ്റിംഗ് ഏതൊക്കെ വിഷയത്തിലാണെന്ന് അറിയില്ലെന്നുമാണ്. ഇക്കണക്കിനുപോയാൽ തിരുവനന്തപുരത്തെ ലാ ആൻഡ് ഓർഡർ സിറ്റ്വേഷനെക്കുറിച്ചുകൂടി ടൂറിസം വകുപ്പ് ഡയറക്ടർ മീറ്റിംഗ് വിളിക്കുമല്ലോ? ഞാൻ അറിയാതെയാണ് യോഗം വിളിച്ചതെന്ന് മന്ത്രി പറഞ്ഞാൽ അങ്ങ് പിന്നെ ആ മന്ത്രി സ്ഥാനത്തിരിക്കാൻ യോഗ്യനല്ലെന്നാണ് അതിനർത്ഥം. അല്ലെങ്കിൽ മീറ്റിംഗ് നടന്നത് അങ്ങയുടെ അറിവോടുകൂടിയാണ്. അല്ലാതെ ടൂറിസം ഡയറക്ടർ മന്ത്രിയുടെ അറിവില്ലാതെ അബ്കാരി പോളിസി

റിന്യൂവലിനെക്കുറിച്ച് മീറ്റിംഗ് നടത്തുമോ; ഇങ്ങനെയാണോ വകുപ്പ് ചെയ്യേണ്ടത്; അതിന് ഓരോ നടപടിക്രമങ്ങളുണ്ടല്ലോ? നിയമസഭയിൽ നടപടിക്രമങ്ങളുള്ളതുപോലെ ക്യാബിനറ്റിനും വിവിധ വകുപ്പുകൾ തമ്മിലും ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങൾ വായിച്ചുനോക്കിയാൽ ടൂറിസം വകുപ്പിന് അതിന് അധികാരമില്ലെന്ന് മനസ്സിലാകും. സംഘടനയുടെ നോട്ടീസ് നൽകിയത് വളരെ വ്യക്തമാണ്. ഇതിനുമുമ്പുണ്ടായ കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ കൂടുതൽ സംസാരിച്ചത്. അതായത് പ്രതിപക്ഷം അന്ന് ഒരു സൗകര്യവും ചെയ്തുകൊടുത്തിട്ടില്ല. വിൽപ്പനയിൽ കെയ്സുകളുടെ എണ്ണത്തിൽ അതായത് 2 ലക്ഷം - 4 ലക്ഷം വരെ ഇപ്പോൾ കുറഞ്ഞിട്ടുണ്ടെന്നാണ്. രണ്ട് കാരണം കൊണ്ടാണ് വിൽപ്പന കുറഞ്ഞിരിക്കുന്നത്. ഒന്ന്, പരിശോധനകൾ നടത്താത്തതുകൊണ്ട് ബിവറേജസ് കോർപ്പറേഷനിൽനിന്ന് വാങ്ങുന്ന മദ്യം കൂടാതെ സെക്കൻസിന്റെ വിൽപ്പന വ്യാപകമായി നടക്കുന്നു. ഭരണപക്ഷം കെയ്സുകളുടെ എണ്ണം കണക്കാക്കിയത് ബിവറേജസ് കോർപ്പറേഷനിൽനിന്ന് ബാറുകൾ മദ്യം വാങ്ങി വിൽക്കുന്നതിനാണ്. ഗവൺമെന്റിന്റെ പക്കൽ അതിന്റെ കണക്കുകളുണ്ടാകും. അതുകൂടാതെ വ്യാപകമായ സെക്കൻസ് വിൽപ്പന

നടക്കുന്നുണ്ട്. അപ്പോൾ ഔദ്യോഗിക കണക്ക് കുറയുമല്ലോ? രണ്ട്, Major chunk of the youngsters shifted from liquor to drugs-ലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നതാണ്. എം.ഡി.എം.എ.-യാണ് വ്യാപകമായി കഴിച്ചുകൊണ്ടിരിക്കുന്നത്. കേരളം ലഹരി മരുന്നിന്റെ കേന്ദ്രമായി, ലഹരിയുടെ കാര്യത്തിൽ ഈ രാജ്യത്തിന്റെ തലസ്ഥാനമായി മാറുകയാണ്. അപ്പോഴും മദ്യത്തിന്റെ വിൽപ്പന കുറയും. അത് നിങ്ങളുടെ പോളിസിയുടെ മിടുക്കുകൊണ്ടല്ല. മദ്യം വ്യാപിപ്പിക്കുന്നതിനെതിരായി, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. 130 ബാറുകൾക്ക് ഭരണപക്ഷം ലൈസൻസ് നൽകിയില്ലേ; എന്നിട്ടാണോ മദ്യം വ്യാപിപ്പിക്കുന്നില്ലെന്ന് പറയുന്നത്? 2016-ൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ പാർട്ടി സെക്രട്ടറിയുമായ അങ്ങ് ഫേസ്ബുക്കിൽ ഉമ്മൻ ചാണ്ടി സർക്കാരിനെതിരായി പറഞ്ഞ ഒരു കാര്യമുണ്ട്. കൂടുതൽ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയ തീരുമാനം മാദ്യനിരോധനം സാധ്യമാക്കാനുള്ളതാണോയെന്ന് ഉമ്മൻ ചാണ്ടി വ്യക്തമാക്കണമെന്ന്. ഇങ്ങനെ കൂടുതൽ മദ്യശാലകൾ അനുവദിച്ചുകൊണ്ടാണോ

ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുന്നത്? യു.ഡി.എഫ്.-ന്റെ മദ്യനയം തട്ടിപ്പാണെന്നും വോട്ട് നേടാനുള്ള വിലകുറഞ്ഞ തന്ത്രം മാത്രമാണെന്നും മദ്യം എന്ന വിപത്തിനെ ചെറുക്കാനും ജനങ്ങളെ മദ്യത്തിന്റെ പിടിയിൽനിന്ന് മോചിപ്പിക്കാനുമുള്ള നിശ്ചയദാർഢ്യമുള്ളത് ഇടതുപക്ഷത്തിനാണെന്നും മദ്യവിരുദ്ധ സമിതിയും മദ്യവർജ്ജന സമിതികളുമായി ചേർന്നുകൊണ്ട് മദ്യവ്യാപനത്തെ ഇടതുപക്ഷം ശക്തിയായി എതിർക്കുമെന്നുമാണ് പറഞ്ഞത്. എട്ട് വർഷംകൊണ്ട് 900 ബാറുകൾക്ക് ലൈസൻസ് നൽകിയാണ് എതിർത്തുകൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാ കേസുകളും പരിശോധിച്ചാൽ അറിയാം ബാറുകളിൽ ഒരു പരിശോധനയും നടക്കുന്നില്ലെന്ന്. ടി.ഒ.ടി. വരുമാനം കുറയുന്നുവെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അന്ന് നടപടിയില്ലായിരുന്നു. 16 സ്ഥലങ്ങളിൽ കേസെടുത്തതിൽ സന്തോഷമുണ്ട്. ഇപ്പോൾ ബിവറേജസിൽനിന്ന് വാങ്ങുന്ന സാധനം നാലിരട്ടിയും അഞ്ചിരട്ടിയും രൂപയ്ക്ക് വിൽപ്പന നടത്തിയിട്ട് ടേൺ ഓവർ കാണിക്കാതെ ബാറുടമകൾ വരുമാനമുണ്ടാക്കുന്നു. ടേൺ ഓവർ ടാക്സ് ലഭിക്കുന്നില്ല. ഒരു ദിവസം അഞ്ച് ലക്ഷം രൂപ വരുമാനമുള്ള ഒരു ബാറിന്റെ

ടേൺ ഓവർ ഒരു ദിവസം ഒരു ലക്ഷം രൂപ മാത്രമാണ് കാണിക്കുന്നത്. ഒരു മാസം 30 ലക്ഷം രൂപമാത്രമാണ് കാണിക്കുന്നത്. യഥാർത്ഥത്തിൽ ഒന്നര കോടി രൂപയുടെ ടേൺ ഓവറുണ്ട്. ഒന്നര കോടി രൂപയുടെ പത്ത് ശതമാനം മാസം ലഭിച്ചാൽ എത്ര രൂപ വരുമാനം ലഭിക്കും? അത് കാണിക്കുന്നില്ല. അങ്ങനെ രൂക്ഷമായ നികുതി വെട്ടിപ്പ് ഈ മേഖലയിൽ നടക്കുന്നുവെന്നാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത്. ഞങ്ങളുടെ പാർട്ടിയിൽ ഇതൊക്കെ ചർച്ച ചെയ്യും. ഏതെങ്കിലും ഒരാളല്ല തീരുമാനിക്കുന്നത്. മദ്യനയം വന്നപ്പോൾ ഞങ്ങളുടെ പാർട്ടിയിൽ ഞങ്ങൾ വ്യത്യസ്തമായ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. എന്റേതായ അഭിപ്രായം ഞാനും പറഞ്ഞിട്ടുണ്ട്. മദ്യവ്യവസായത്തെ ഒരു ഇൻഡസ്ട്രിയെന്ന നിലയിൽ കാണണം. ആവശ്യമായ നിയന്ത്രണങ്ങൾ വേണം. Responsible drinking-ന് നമുക്ക് ഒരു കൾച്ചറുണ്ടാക്കണം. നാട്ടുകാർ മുഴുവൻ കള്ളുകുടിച്ച് വഴിയിൽ കിടക്കുന്ന സ്ഥിതിയല്ല ഉണ്ടാകേണ്ടത്. വിദേശ രാജ്യങ്ങളിലെപ്പോലെ കുറച്ചുകൂടി ലഹരി കുറഞ്ഞ പാനീയങ്ങൾ ഉപയോഗിക്കുകയും വേണം. ഒറ്റയടിക്ക് ചെയ്താൽ നേരത്തെ പറഞ്ഞതുപോലെ വ്യാജമദ്യം ഒഴുകും. ഞങ്ങളുടെ പാർട്ടിയിൽ അത് ചർച്ച ചെയ്തിട്ടുണ്ട്. ആ ഒരു

തീരുമാനമെടുത്തപ്പോഴുണ്ടായ ഇംപാക്ട് നികുതി, ടൂറിസം, തൊഴിൽ എന്നീ മേഖലകളിലുണ്ടായ കുറവുകളെന്താണെന്ന് പഠിച്ചിട്ടുണ്ട്. ഞങ്ങൾ അതിന്റെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. അപ്പോഴല്ലേ പുതിയ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നത്. നിങ്ങൾ വന്നതിനുശേഷം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറയാനുള്ള കാര്യങ്ങൾ പരാതിയായി നൽകിയിട്ടുണ്ട്. ആ പരാതിയിൽ abetment നടത്തിയിട്ടുണ്ട്. ഇവിടെ ഒരു cause of action ഉണ്ടായിട്ടുണ്ട്. അതനുസരിച്ച് Prevention of Corruption Act അനുസരിച്ച് നടപടി സ്വീകരിക്കണം. അതിൽ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ബാർ ഉടമകളുമുണ്ട്. എല്ലാവരും ചേർന്ന് നടത്തിയ ഒരു ക്രിമിനൽ conspiracy ഉണ്ട്. ആ conspiracy-യുടെ ഭാഗമായിട്ടാണ് ഇങ്ങനെയൊരു കളക്ഷൻ നടന്നത്. കളക്ഷൻ നടത്തിയ ഒരാളെ സസ്പെൻഡ് ചെയ്തിട്ട്, അതിനെക്കുറിച്ചല്ല അന്വേഷിക്കേണ്ടത്. പി.സി. ആക്ടിന്റെ പ്രോവിഷൻ വച്ചുകൊണ്ട് എഫ്.ഐ.ആർ. എടുത്ത് കേസ് അന്വേഷിക്കണം. ഇതിന്റെ വിപുലമായ കാര്യങ്ങളെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. അതാണ്

ഞങ്ങളുടെ നിലപാട്. കാലൻ വന്ന് നിങ്ങളുടെ മുഖത്തുനോക്കി കണക്കുചോദിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കാലൻ വന്ന് കണക്ക് ചോദിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ള ആളുകൾ കെ. എം. മാണിയെക്കുറിച്ച്, ചാകാത്ത പുഴുവുള്ള നരകത്തിൽ വീഴുമെന്ന് തുടങ്ങിയ വാചകങ്ങൾ എത്ര ഹീനമായിട്ടാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി വളരെ സഭ്യമായ ഭാഷയിൽ ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ചപ്പോൾ വികാരഭരിതനായി പ്രോവേക്ക്ഡ്ഡാവുകയും ചെയ്തു. അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇവിടെ നിന്ന് ബൈബിൾ കോട്ടുചെയ്തുകൊണ്ടാണ് പറഞ്ഞത്. എന്തെല്ലാം ഹീനമായ വാക്കുകളാണ് അന്നത്തെ പ്രതിപക്ഷം കെ. എം. മാണി സാറിനെതിരായി ഉന്നയിച്ചത്. അങ്ങ് പ്രകോപിതനാകേണ്ട ഒരു വാക്കും ശ്രീ. റോജി എം. ജോൺ ഇവിടെ പറഞ്ഞിട്ടില്ല. പക്ഷെ കാര്യങ്ങൾ പറയും. ഇത് അഴിമതിയാണ്. അഴിമതിയുടെ തുടക്കമാണ്. അഴിമതി നടത്താൻ വേണ്ടിയുള്ള abetment നടന്നിട്ടുണ്ട്. ക്രിമിനൽ conspiracy

നടന്നിട്ടുണ്ടെന്നതിൽ സംശയമില്ല. ഗോവർധന്റെ യാത്രയിലെ രാജാവ് കുരുക്കുമായി നടക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പ്രതിപക്ഷമല്ല ജനങ്ങളാണ് ആ രാജാവിന്റെ റോളിൽ എല്ലാവരുടെയും കഴുത്തിൽ കുരുക്കിട്ടത്. നന്നായി കുരുക്ക് വീണിട്ടുണ്ട്. ഞങ്ങളുടെ റോൾ ഇത്രമാത്രമേയുള്ളൂ. രാജാവ് നഗ്നനായി നടക്കുമ്പോൾ കൊച്ചുകുട്ടിയുടെ നിഷ്കളങ്കതയോടുകൂടി രാജാവ് നഗ്നനാണെന്ന് ഉച്ചത്തിൽ വിളിച്ചുപറയും. അതാണ് അങ്ങ് പറഞ്ഞ രാജാവും ഞങ്ങളുടെ രാജാവും തമ്മിലുള്ള വ്യത്യാസം. അത് ഭരണപക്ഷം അറിയണം. ഇതുപോലെ കനത്ത ആഘാതം തെരഞ്ഞെടുപ്പിൽ ലഭിച്ചിട്ട് ജനപിൻതുണയെക്കുറിച്ച് ഇത്രയും വിശാലമായി സംസാരിക്കാനുള്ള അങ്ങയുടെ ഒരു പവറിന് മുമ്പിൽ, ആ ചങ്കുറപ്പിന് മുമ്പിൽ നമിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അബ്കാരി പോളിസിയെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഗൗരവതരമായി ഞങ്ങൾ ഉന്നയിച്ച ഒരു കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുവാനുള്ള കാര്യം പ്രതിപക്ഷം ഒരു പരാതി നൽകിയിട്ടുണ്ട്. ആ പരാതിയുടെ മേൽ Prevention of Corruption Act-ന്റെ പ്രൊവിഷൻ അനുസരിച്ച് എഫ്.ഐ.ആർ. എടുക്കാനും കേസ് രജിസ്റ്റർ

ചെയ്യാനും ജുഡീഷ്യൻ അന്വേഷണം നടത്താനും അങ്ങ് തയ്യാറാണോ? അങ്ങ് സാധാരണ ഇത്തരം കാര്യങ്ങളിലൊക്കെ എഴുന്നേറ്റുനിന്ന് അപ്പോൾത്തന്നെ മറുപടി പറയുന്ന ആളാണ്. ഇപ്പോൾ മൗനം അവലംബിക്കുന്നതിന്റെ അർത്ഥം മനസ്സിലായി, ഞങ്ങൾക്ക് സൗകര്യമില്ല, ഞങ്ങൾ അന്വേഷിക്കില്ല എന്നാണെന്ന്. അന്വേഷിച്ചാൽ എന്തായിരിക്കും സംഭവിക്കാൻ പോകുന്നതെന്ന് വ്യക്തമായി അറിയുന്ന ആളാണ് കേരളത്തിലെ മുഖ്യമന്ത്രി. അതുകൊണ്ട് പ്രതിപക്ഷം ഒറ്റക്കെട്ടായി കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ആവശ്യപ്പെടുന്നത് ഇതിൽ അന്വേഷണം നടത്തിയേ മതിയാകൂവെന്നാണ്. അന്വേഷണം നടത്തണമെന്ന ഡിമാന്റ് ഞങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. അന്വേഷണം നടത്താൻ തയ്യാറുണ്ടോ ഇല്ലയോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇല്ലാത്തൊരു കാര്യം കെട്ടിച്ചമച്ച് എന്തോ സംഭവിക്കുന്നു എന്നൊരു പ്രതീതിയുണ്ടാക്കാനാണ് ഇവിടെ പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കെട്ടിച്ചമച്ച ഒരു വാദഗതിയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവിന്റെ ആക്ഷേപത്തിന്റെ നേരെയല്ല, നമ്മുടെ സംസ്ഥാനത്തെ മദ്യനയവുമായി ബന്ധപ്പെട്ട് ചില തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് പണം പിരിക്കുന്നുവെന്ന വാർത്ത വന്നപ്പോൾതന്നെ അത് ഗൗരവമായെടുത്ത് ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണത്തിന്റെ ഭാഗമായി എന്തെല്ലാം കുറ്റകൃത്യങ്ങൾ കാണുന്നുണ്ടോ, അതിന്റെ ഭാഗമായുള്ള മറ്റ് നടപടികളിലേയ്ക്ക് കടക്കും. ആ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് കൂടുതൽ വിശദമായ അന്വേഷണം നടക്കേണ്ടത്. ആ അന്വേഷണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു തരത്തിലുള്ള തടസ്സവും ആ അന്വേഷണത്തിനുണ്ടാകില്ല. അത് തടസ്സപ്പെടുത്തലാണോ നിങ്ങളുടെ ഉദ്ദേശ്യം? അത് കണ്ടെത്തിയശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ പ്രതിതന്നെ വാദിയാകുകയാണ്. ആ വകുപ്പിന്റെ തലപ്പത്തിരിക്കുന്നതുകൊണ്ടാണ് എക്സൈസ് വകുപ്പുമന്ത്രി ആരോപണവിധേയനായത്. ആ വകുപ്പിന്റെ ചുമതല

വഹിക്കുന്നതുകൊണ്ടാണ് ആരോപണവിധേയനായത്. ആരോപണ വിധേയനായ എക്സൈസ് വകുപ്പുമന്ത്രിതന്നെ കൊടുത്ത പരാതിയിൽ, അതായത് പ്രതിയാകേണ്ട ആൾ വാദിയായി കൊടുത്ത പരാതിയിൽ, അങ്ങയുടെ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടെന്ന് പറഞ്ഞു. അതിൽ എന്താണ് അന്വേഷിക്കുന്നതെന്ന് അദ്ദേഹം തന്നെ പറഞ്ഞു, ഇത് നിഷേധിച്ചുകൊണ്ടാണ്. ആരെങ്കിലും ഇത് നിഷേധിക്കാതിരിക്കുമോ? അതുകൊണ്ട് അങ്ങ് പറഞ്ഞ ഈ അന്വേഷണം ഞങ്ങൾക്ക് സ്വീകാര്യമല്ല. പ്രിവൻഷൻ ഓഫ് കറപ്ഷൻ (പി.സി.) ആക്റ്റിന്റെ വകുപ്പ് അനുസരിച്ച് കേസ്സെടുത്തേ മതിയാകൂ. നിയമസഭയ്ക്ക് അകത്തും പുറത്തും നിരന്തരമായ സമരത്തിലേക്ക് കേരളത്തിലെ പ്രതിപക്ഷം കടക്കുകയാണ്. ഒരു വിട്ടുവീഴ്ചയുമില്ല. കൊള്ള നടത്തിയാൽ ആ കൊള്ള നടത്തിയത് ആരെല്ലാമാണെന്ന് പുറത്തുവന്നേ മതിയാകൂ. അതിന്റെ ശക്തമായ നിലപാടാണ് ഞങ്ങൾ എടുക്കുന്നത്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ പ്ലക്കാർഡുകളുമായിവന്ന്

മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)